بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡم    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

വാല്യം 1

ലക്കം 27

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2016 സെപ്റ്റംബർ 8/ഹി:ശം:1395 തബൂക് 8/ഹി:ഖ: 1437 ദുൽഖഹജ്ജ് 6

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 2016 ആഗസ്റ്റ് 05ന് മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടനിൽ ജുമുഅ ഖുത്വ്ബ നിർവഹിച്ചു.അതിന്റെ പൂർണരൂപം ഈ ലക്കം 2-ാം പേജിൽ വായിക്കുക.

സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയംവരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരിഹീ.

**മുഴുലോകത്തിന്റേയും പരിഷ്കരണത്തിനായി എനിക്ക് ഒരു ഉദ്യോഗം നല്കപ്പെട്ടു. നമ്മുടെ യജമാനരും സേവ്യനും മുഴുലോകത്തിനുമായി വന്ന കാരണത്താലാണത്. ആ മഹത്തായ ഉദ്യോഗത്തിന്റെ അടിസ്ഥാനത്തിൽ ആ ഭാരം വഹിക്കുന്നതിന് അത്യാവശ്യമായ ആ ശക്തികളും കഴിവുകളും എനിക്കു നല്കപ്പെട്ടിരിക്കുന്നുവെന്ന് ഓർത്തുകൊള്ളുക. ന്യായപൂർത്തിവരുത്തുന്നതിന് ഉചിതമായ സമയത്ത് നല്കപ്പെടേണ്ടതായ ആ ഈശ്വരജ്ഞാനങ്ങളം അടയാളങ്ങളും നല്കപ്പെട്ടിരിക്കുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

മുഴുലോകത്തിന്റേയും പരിഷ്കരണത്തിനായി എനിക്ക് ഒരു ഉദ്യോഗം നല്കപ്പെട്ടു. നമ്മുടെ യജമാനരും സേവ്യനും മുഴുലോകത്തിനുമായി വന്ന കാരണത്താലാണത്. ആ മഹത്തായ ഉദ്യോഗത്തിന്റെ അടിസ്ഥാനത്തിൽ ആ ഭാരം വഹിക്കുന്നതിന് അത്യാവശ്യമായ ആ ശക്തികളും കഴിവുകളും എനിക്കു നല്കപ്പെട്ടിരിക്കുന്നുവെന്ന് ഓർത്തുകൊള്ളുക. ന്യായപൂർത്തിവരുത്തുന്നതിന് ഉചിതമായ സമയത്ത് നല്കപ്പെടേണ്ടതായ ആ ഈശ്വരജ്ഞാനങ്ങളം അടയാളങ്ങളും നല്കപ്പെട്ടിരിക്കുന്നു. എന്നാൽ, ഹദ്റത്ത് ഈസായ്ക്ക് ആ ഈശ്വരജ്ഞാനങ്ങളും അടയാളങ്ങളും നല്കപ്പെടേണ്ടത് നിർബന്ധമല്ലായിരുന്നു.[1] കാരണം ആ സമയത്ത് അതിന്റെ ആവശ്യമില്ലായിരുന്നു. അതുകൊണ്ട് യഹൂദികളിലെ ഒരു ചെറിയ കക്ഷിയുടെ പരിഷ്കരണത്തിന് ആവശ്യമുണ്ടായിരുന്ന ശക്തികളും കഴിവുകളുമാണ് ഹദ്റത്ത് ഈസായുടെ പ്രകൃതിക്ക് നല്കപ്പെട്ടത്. നമ്മൾ വിശുദ്ധ ഖുർആന്റെ അനന്തരാവകാശികളാണ്. അതിന്റെ അധ്യാപനം അപാരമായ ശ്രേഷ്ഠതകളടങ്ങിയതാണ്. സർവലോകത്തിനുമുള്ളതാണ്. എന്നാൽ, ഹദ്റത്ത് ഈസാ കേവലം തൗറാത്തിന്റെ അനന്തരാവകാശിയായിരുന്നു. അദ്ദേഹത്തിന്റെ അധ്യാപനം അപൂർണവും പ്രത്യേകമായ ജനതയ്ക്കും വേണ്ടിയായിരുന്നു. ഇക്കാരണത്താലാണ് അദ്ദേഹത്തിന് തൗറാത്തിൽ മറഞ്ഞുകിടന്നതും ഗോപ്യമായതുമായ കാര്യങ്ങൾ ഇഞ്ചീലിൽ വിവരിക്കേണ്ടിവന്നത്. പക്ഷേ, വിശുദ്ധ ഖുർആനിൽനിന്ന് നമുക്ക് ഒരു കാര്യവും കൂടുതൽ വിവരിക്കാൻ സാധ്യമല്ല. കാരണം അതിന്റെ അധ്യാപനം പരിപൂർണവും തികവുറ്റതുമാണ്. അത് തൗറാത്തിനെപോലെ ഏതെങ്കിലും ഇഞ്ചീലിനെ ആശ്രയിക്കുന്നില്ല.

ഹദ്റത്ത് ഈസാ(അ)യ്ക്ക് യഹൂദി കക്ഷിയുടെ പരിഷ്കരണത്തിന് മതിയായത്ര ആത്മീയമായ ശക്തികളും കഴിവുകളുമാണ് നല്കപ്പെട്ടിരുന്നതെന്ന കാര്യം പ്രകടവും അവിതർക്കിതുമാണ്. അപ്പോൾ അതിന്റെ ശ്രേഷ്ഠതകളും അതേ അളവിന്റെ അടിസ്ഥാനത്തിലുള്ളതായിരിക്കും. ***വ ഇൻമ്മിൻ ശയ്ഇൻ ഇല്ലാ ഇൻദനാ ഖസായിനുഹൂ വമാ നുനസ്സിലുഹൂ ഇല്ലാ ബി ഖദ്റിൻ മഅ്ലൂം.*** അതായത് എല്ലാ വസ്തുക്കളുടേയും ഖജനാവുകൾ നമ്മുടെ പക്കലുണ്ട്. എന്നാൽ, നാം ആവശ്യത്തെക്കാളധികം അതിറക്കാറില്ല. അതിനാൽ ഒരു നബിയെ സമുദായത്തിന്റെ പരിഷ്കരണത്തിന് അയക്കുകയും ആ സമുദായത്തിന് ചേരാത്തതായ അറിവുകൾ അവർക്ക് നല്കപ്പെടുകയും ചെയ്യുക എന്നത് ദൈവികയുക്തിക്ക് വിരുദ്ധമാണ്. എന്നല്ല മൃഗങ്ങളിലും അല്ലാഹുവിന്റെ ഈ പ്രകൃതി നിയമം കാണാവുന്നതാണ്. ഉദാഹരണത്തിന് അല്ലാഹു കുതിരയെ സൃഷ്ടിച്ചത് വഴിയാത്രയിൽ നല്ലവണ്ണം ജോലിയെടുക്കാനാണ്. എല്ലാ ഓരോ മൈതാനങ്ങളിലും ഓടി തന്റെ യാത്രക്കാരനെ അനുകൂലിക്കാനും സഹായിക്കാനുമാണ്. അതുകൊണ്ട് ഒരു ആടിന് അതിനെ നേരിടാൻ കഴിയുകയില്ല. കാരണം അവ ആ ഉദ്ദേശ്യത്തുനുവേണ്ടി സൃഷ്ടിക്കപ്പെട്ടതല്ല. അപ്രകാരം അല്ലാഹു ജലം സൃഷ്ടിച്ചിട്ടുള്ളത് ദാഹം ശമിപ്പിക്കാനാണ്. അതുകൊണ്ട് അഗ്നി അതിന് പ്രതിനിധിയാവുകയില്ല. മനുഷ്യപ്രകൃതി ഒരുപാട് ശാഖകൾ അടങ്ങിയതാണ്. വിവിധ ശക്തികൾ അല്ലാഹു അതിൽ വെച്ചിട്ടുണ്ട്. പക്ഷേ, ഇഞ്ചീൽ വെറും ഒരേയൊരു ശക്തിയിൽ അതായത് മാപ്പുകൊടുക്കുക, വിട്ടുവീഴ്ച ചെയ്യുക എന്നതിൽമാത്രമാണ് ശക്തി ചെലുത്തുന്നത്. മനുഷ്യനെന്ന വൃക്ഷത്തിന്റെ നൂറുക്കണക്കിന് ശാഖകളിൽ വെറും ഒരു ശാഖയാണ് ഇഞ്ചീലിന്റെ കൈയിലുള്ളത്. അതുകൊണ്ട് ഇതിൽനിന്ന് ഹദ്റത്ത് ഈസായുടെ ഈശ്വരജ്ഞാനത്തിന്റെ യാഥാർഥ്യം മനസ്സിലാകുന്നുണ്ട്; അത് എത്രത്തോളമുണ്ടെന്ന്! പക്ഷേ, നമ്മുടെ നബി(സ)തിരുമേനിയുടെ ഈശ്വരജ്ഞാനം മനുഷ്യപ്രകൃതിയുടെ പാരമ്യതയിൽ എത്തിയിരുന്നു. അതുകൊണ്ടാണ് സമ്പൂർണമായ വിശുദ്ധഖുർആൻ ഇറങ്ങിയത്. ഇത് എന്തെങ്കിലും ദോഷമായി വിചാരിക്കേണ്ട കാര്യമില്ല. അല്ലാഹു സ്വയം പറയുന്നു: ***ഫള്ളൽനാ ബഅ്ളഹും അലാ ബഅ്ളിൻ*** (2:254)അതായത് ചില നബിമാർക്ക് നാം ചിലർക്കുമേൽ ശ്രേഷ്ഠതനല്കിയിരിക്കുന്നു. എല്ലാ കല്പനകളിൽ, സ്വഭാവങ്ങളിൽ, ആരാധനകളിൽ നബി(സ)തിരുമേനിയെ അനുധാവനം ചെയ്യാൻ നമുക്കു കല്പനയുണ്ട്. അതുകൊണ്ട് നബി(സ)തിരുമേനിയുടെ അപാരമായ സമ്പൂർണതകളെയെല്ലാം ഛായാപരമായനിലയിൽ കരസ്ഥമാക്കാൻ സാധിക്കാൻ തക്കവണ്ണം നമ്മുടെ പ്രകൃതിക്ക് ആ ശക്തികൾ നല്കപ്പെട്ടില്ലായിരുന്നെങ്കിൽ ആ മഹാനായ നബിയെ അനുധാവനം ചെയുക എന്ന കല്പന ഒരിക്കലും ഉണ്ടാകുമായിരുന്നില്ല. കാരണം സഹിക്കാവുന്നതിലധികം ഒരു ബുദ്ധിമുട്ടും അല്ലാഹു നല്കാറില്ല. ***ലാ യുകല്ലിഫുല്ലാഹു നഫ്സൻ ഇല്ലാ വുസ്അഹാ*** എന്ന് അവൻ പറഞ്ഞതുപോലെ. എന്തുകൊണ്ടെന്നാൽ നബി(സ)തിരുമേനി എല്ലാ നബിമാരുടേയും അപാരമായ ശ്രേഷ്ഠതകളുടെ സമുച്ചയമാണെന്ന് അവനറിയാമായിരുന്നു. അതുകൊണ്ട് അവൻ നമ്മുടെ അഞ്ചുനേര നമസ്കാരങ്ങളിൽ ***ഇഹ്ദിനസ്സ്വിറാത്തൽ മുസ്തഖീം സ്വിറാത്തല്ലദീന അൻഅംത അലയ്ഹിം*** എന്ന ദുആ ചെയ്യാൻ കല്പന നല്കിയിരിക്കുന്നു. അതായത് ഞങ്ങളുടെ അല്ലാഹുവേ! ഞങ്ങൾക്കുമുമ്പേ എത്രത്തോളം നബിയും റസൂലും സ്വിദ്ദീഖും ശഹീദും കഴിഞ്ഞുകടന്നിട്ടുണ്ടോ അവരുടെയെല്ലാം അപാരമായ ശ്രേഷ്ഠതകൾ ഞങ്ങളിൽ സമ്മേളിപ്പിച്ചാലും. അതിനാൽ തന്റെ ഉള്ളിൽ കഴിഞ്ഞുകടന്ന എല്ലാ വിവിധങ്ങളായ ശ്രേഷ്ഠതകളേയും സമ്മേളിപ്പിക്കുകയെന്ന് ഈ കരുണചെയ്യപ്പെട്ട സമുദായത്തിനുണ്ടായ കല്പനകളിൽനിന്ന് അതിന്റെ ശ്രേഷ്ഠമായ പ്രകൃതി അളക്കാവുന്നതാണ്. ഇതു പൊതുവെയുള്ള കല്പനയാണ്. പ്രത്യേകക്കാരുടെ പ്രത്യേകമായ ദർജകൾ ഇതിൽനിന്ന് മനസ്സിലാക്കാവുന്നതാണ്. ഇക്കാരണത്താൽ ഈ ഉമ്മത്തിലെ ശ്രേഷ്ഠരായ സ്വൂഫികൾ ഈ മറഞ്ഞിരിക്കുന്ന യാഥാർഥ്യംവരെ എത്തുകയുണ്ടായി. അതായത് മാനുഷികമായ പ്രകൃതികളുടെ ശ്രേഷ്ഠതയുടെ വൃത്തം ഇതേ ഉമ്മത്താണ് പൂർത്തിയാക്കിയത്. കാര്യമെന്താണെന്നുവച്ചാൽ, ഒരു ചെറിയവിത്ത് മണ്ണിൽ കുഴിച്ചിടപ്പെടുകയും മെല്ലെ മെല്ലെ അത് അതിന്റെ പൂർണത പ്രാപിച്ച് ഒരു വൻവൃക്ഷമായിത്തീരുകയും ചെയ്യുന്നതുപോലെ മാനുഷികമായ പരമ്പര വളർച്ച പ്രാപിച്ചുകൊണ്ടിരുന്നു. മാനുഷികമായ ശക്തികൾ അതിന്റെ ശ്രേഷ്ഠതയിൽ വലുതായിക്കൊണ്ടുപോയി. എത്രത്തോളമെന്നാൽ നമ്മുടെ നബി(സ)തിരുമേനിയുടെ കാലത്ത് അത് അതിന്റെ സമ്പൂർണത പ്രാപിച്ചു.

**(റൂഹാനീ ഖസായിൻ വാല്യം 22 ഹഖീഖത്തുൽ വഹ്യ് പേജ് 156 – 157)**

1. ഹദ്റത്ത് ഈസാ(അ) മരിച്ചവരെ ജീവിപ്പിച്ചിരുന്നുവെന്നും അത് അദ്ദേഹത്തിനു നല്കപ്പെട്ട എത്രവലിയ ദൃഷ്ടാന്തമാണെന്നും ആരെങ്കിലും പറയുകയാണെങ്കിൽ അതിനുള്ള മറുപടി യഥാർഥമായ നിലയിൽ മരിച്ചവർ ജീവിക്കുക എന്നത് വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾക്ക് വിരുദ്ധമാണെന്നാണ്. അതേ, മരിച്ചവരെന്ന നിലയിൽ രോഗിയായിരുന്നവരെ ജീവിപ്പിച്ചുവെന്നാണെങ്കിൽ ഇവിടേയും അത്തരം മരിച്ചവർ ജീവിച്ചുകഴിഞ്ഞിട്ടുണ്ട്. മുമ്പേവന്ന നബിമാരും അങ്ങനെ ചെയ്തുകൊണ്ടിരുന്നിട്ടുണ്ട്. ഉദാഹരണം ഇൽയാസ് നബി. എന്നാൽ, മഹത്തായ ദൃഷ്ടാന്തം വേറെയാണ്. അവയെ അല്ലാഹു കാണിച്ചുകൊണ്ടിരിക്കുന്നു. കാണിച്ചുകൊണ്ടിരിക്കുകയും ചെയ്യും.

## 122-ാമത് ജൽസസാലാന ഖാദിയാൻ (ജൽസയ്ക്ക് തുടക്കം കുറിച്ചിട്ട് 125-ാമത്)

2016 ഡിസംബർ 26,27,28 (തിങ്കൾ, ചൊവ്വ, ബുധൻ)

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ഖാദിയാനിലെ 122-ാമത് ജൽസസാലാന 2016 ഡിസംബർ 26,27,28 (തിങ്കൾ, ചൊവ്വ, ബുധൻ)എന്നീ തിയതികളിൽ നടത്താൻ അനുവാദം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽതന്നെ ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കണമെന്ന ഉദ്ദേശ്യത്തോടെ ദുആയോടുകൂടി തയ്യാറെടുപ്പുകളും നടത്തുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് ഫലമെടുക്കാൻ സൗഭാഗ്യം നല്കുമാറാകട്ടെ. ഈ ജൽസ എല്ലാ വിധത്തിലും വിജയപ്രദമാകുന്നതിനും സൗഭാഗ്യരായ ആത്മാക്കൾക്ക് സന്മാർഗപ്രാപ്തിക്കു കാരണമാകുന്നതിനും ദുആ ചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹു അഹ്സനുൽജസാ

**(നാളിർ ഇസ്ലാഹ് വ ഇർശാദ് മർക്കസിയ ഖാദിയാൻ)**

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്ബ ജുമുഅ

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളെ സേവിക്കാൻ തൗഫീഖ് കിട്ടിയത് അല്ലാഹുവിന്റെ വലിയ കൃപാകടാക്ഷവും ഔദാര്യവുമാണ്.അല്ലാഹുവിന്റെ കരുണയാൽ ലോകത്തിലെ എല്ലാ രാജ്യങ്ങളിലും ജൽസസാലാനയിൽ പങ്കെടുക്കുന്ന അതിഥികളെ സേവിക്കണമെന്നത് എല്ലാ വിഭാഗക്കാരും എല്ലാ പ്രായക്കാരുമായ ജമാഅത്തംഗങ്ങളുടെ മൗലികമായ ഗുണമായിക്കഴിഞ്ഞിരിക്കുന്നു.**

**ഇന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദാസർ അല്ലാഹുവിന്റെ നിർദേശമനുസരിച്ച് നിർമലവും നിസ്വാർഥവും ക്ഷീണിക്കാതെയും തളരാതെയും ഈ അതിഥികളെ സേവിച്ചുകൊണ്ടിരിക്കുന്നു. ഈ അതിഥികളെ സേവിക്കുക എന്നതു തന്നെയാണ് നമ്മുടെ നിർബന്ധ കടമ. ജൽസയുടെ സജ്ജീകരണങ്ങൾ നന്നാക്കിത്തീർക്കാൻ ശ്രമിക്കുക.**

**സൽസ്വഭാവത്തോടെ പെരുമാറുക എന്നത് അതിഥികളുടെ അവകാശമാണ്. ആതിഥേയരുടെ നിർബന്ധ കടമയുമാണ്.**

**അല്ലാഹുവിന്റെ കൃപാകടാക്ഷത്താൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു അല്ലാഹു ചെയ്ത വാഗ്ദാനമനുസരിച്ച് ലോകത്തെല്ലായിടത്തും ഇന്ന് ശക്തമായ അടിത്തറയിൽ നിലകൊള്ളുന്ന എല്ലാ ജമാഅത്തുകളിലും ലങ്കർ നടന്നു വരുന്നുണ്ട്. പ്രത്യേകിച്ചും ജൽസയുടെ ദിനങ്ങളിൽ അതിന്റെ പ്രത്യേക സജ്ജീകരണങ്ങളാണുണ്ടാകുന്നത്.**

**സേവനത്തിനായി നമ്മൾ നമ്മളെ സമർപിക്കുമ്പോൾ ഒരു തരത്തിലുള്ള പക്ഷഭേദവും കൂടാതെ എല്ലാവരേയും സേവിക്കേണ്ടതാണ്. ജൽസയിൽ പങ്കെടുക്കാൻ വരുന്ന എല്ലാ അതിഥികളും ജൽസയുടെ അതിഥികളാണ്. എല്ലാവരോടും നല്ല നിലയിൽ പെരുമാറേണ്ടതും എല്ലാവരോടും സൽസ്വഭാവം കാണിക്കേണ്ടതും നിർബന്ധമാണ്.**

**അതിനോടൊപ്പം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികൾക്കുവേണ്ടി ചെയ്യുന്ന നമ്മുടെ ഈ ചെറിയ സേവനത്തെ അല്ലാഹു സ്വീകരിക്കുമാറാകട്ടെ എന്നുള്ള ദുആയും ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. നമ്മുടെ ജോലി എല്ലാതരത്തിലുള്ള പ്രദർശനപരതയിൽനിന്നും ശുദ്ധമായിരിക്കട്ടെ. അതെല്ലാം അല്ലാഹുവിനുവേണ്ടി മാത്രം ആയിരിക്കുമാറാകട്ടെ.**

**ജൽസസാലാനയുടെ അവസരത്തിൽ ആതിഥ്യത്തിന്റെ നിലവാരം ഏറ്റവും നല്ല നിലയിൽ ആക്കുന്നതിന് ആതിഥേയർക്കും ജൽസസാലാനയുടെ സംഘാടകർക്കും സന്നദ്ധസേവകർക്കുമുള്ള സുപ്രധാനമായ ഉപദേശങ്ങൾ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**05-08-2016/1395 ള്വുഹൂർ 05**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് മോർഡൻ,ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ
وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔
بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔ اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ۔ اَلرَّحْمٰنِ الرَّحِيْمِ۔
مٰلِكِ يَوْمِ الدِّيْنِ۔ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ۔ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ۔ صِرَاطَ الَّذِيْنَ
أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۔

ഇൻശാ അല്ലാഹ് അടുത്ത ജുമുഅ മുതൽ യു.കെ.അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസസാലാന ആരംഭിക്കുകയാണ്. അല്ലാഹുവിന്റെ കൃപാകടാക്ഷത്താൽ ജൽസയിൽ പങ്കെടുക്കുന്നതിന് ലോകത്തിലെ വിവിധ രാജ്യങ്ങളിൽനിന്ന് അതിഥികൾ വന്നെത്തി തുടങ്ങിയിരിക്കുന്നു. ജൽസയിൽ പങ്കെടുക്കാൻ വിവിധരാജ്യങ്ങളിൽനിന്നും ലണ്ടനിലെ വിവിധ പ്രദേശങ്ങളിൽനിന്നും വരുന്ന അതിഥികൾക്ക് നല്ല രീതിയിൽ സേവനം ചെയ്യാൻ അല്ലാഹു സംഘാടകർക്ക് തൗഫീഖ് നല്കുമാറാകട്ടെ.

അല്ലാഹുവിന്റെ കരുണാകടാക്ഷത്താൽ ജൽസയിൽ പങ്കെടുക്കുന്ന അതിഥികളെ സേവിക്കുന്നതിനുവേണ്ടി ബ്രിട്ടണിലെ ദൂരത്തും അടുത്തുമുള്ള വൃദ്ധരും യുവാക്കളും കുട്ടികളും സ്ത്രീകളും തങ്ങളെ സ്വയം സന്നദ്ധസേവനത്തിനായി സമർപിച്ചിരിക്കുകയാണ്. പങ്കെടുക്കുന്നവരുടെ സംഖ്യ വർധിക്കുന്നതിനോടൊപ്പം ജൽസയുടെ ഏർപാടുകളും വർധിച്ചുകൊണ്ടിരിക്കുന്നു. സേവനം ചെയ്യുന്നവരേയും കൂടുതൽ ആവശ്യമായി വരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാ സമയത്തും സന്തോഷത്തോടുകൂടി കുട്ടികളും യുവാക്കളും സ്ത്രീകളും പുരുഷന്മാരും സ്വയമേവ തങ്ങളെ സേവനത്തിന് സമർപിച്ചുകൊണ്ടിരിക്കുന്നു. യുവാക്കളിലും കുട്ടികളിലും അധികംപേരും ഈ സേവനം ചെയ്തുകൊണ്ട് മനസ്സിലാക്കുന്നത് തങ്ങൾക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളെ സേവിക്കാൻ തൗഫീഖ് കിട്ടിയത് അല്ലാഹുവിന്റെ വലിയ കൃപാകടാക്ഷവും ഔദാര്യവുമാണെന്നാണ്. അല്ലാഹുവിന്റെ കൃപയാൽ ലോകത്തിലെ എല്ലാ രാജ്യങ്ങളിലും ജൽസസാലാനയിൽ പങ്കെടുക്കുന്ന അതിഥികളെ സേവിക്കണമെന്നത് എല്ലാ വിഭാഗക്കാരും എല്ലാ പ്രായക്കാരുമായ ജമാഅത്തംഗങ്ങളുടെ മൗലികമായ ഗുണമായിക്കഴിഞ്ഞിരിക്കുന്നു.

കഴിഞ്ഞയാഴ്ച വെള്ളിയാഴ്ച മുതൽ ഞായറാഴ്ചവരെ അഹ്മദിയ്യാ ജമാഅത്ത് അമേരിക്കയുടെ ജൽസയായിരുന്നു. അവരുടെ പ്രോഗ്രാം ഇന്റർനെറ്റിലും യൂറ്റ്യൂബിലും വന്നത് ഞാൻ കണ്ടു. അതിൽ ഞാനൊരു ഇന്റർവ്യു കണ്ടിരുന്നു. അഭിമുഖം നടത്തുന്നവർ ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരവാഹികളിൽനിന്ന് ഇന്റർവ്യു എടുത്തു. എങ്ങനെയാണ് ജൽസസാലാനയുടെ തയ്യാറെടുപ്പിനായി ഖുദ്ദാമും സന്നദ്ധസേവകരും ജോലി ചെയ്യുന്നതെന്ന് അവർ പറയുകയായിരുന്നു. ഇപ്രകാരംതന്നെ അതിൽ 19,20 വയസ്സുള്ള ഒരു ആൺകുട്ടിയുമായും ഇന്റർവ്യൂ ഉണ്ടായിരുന്നു. അവിടെ ജനിക്കുകയും അവിടെ വളരുകയും ചെയ്ത കുട്ടിയാണത്. ഈ ജോലി എല്ലാം ചെയ്തത് നിങ്ങളാണോ എന്ന് ആ കുട്ടിയോടു അവർ ചോദിച്ചു. ഇതിനു പകരം നിങ്ങൾക്കെന്താണ് ലഭിക്കുന്നത്? എത്ര തുകയാണ് കിട്ടുന്നത്? എത്ര ഡോളറാണ് ലഭിക്കുന്നത്? മിക്കവരോടും ഈ ചോദ്യം ചോദിക്കപ്പെട്ടു. ഞാൻ പറഞ്ഞതുപോലെ അമേരിക്കയിൽ ജനിക്കുകയും വളരുകയും ആ രാജ്യത്തിലെ ഭൗതികതയെ കുറിച്ചുള്ള ചിന്താഗതിയുമൊക്കെ ഉണ്ടായിട്ടും ആ കുട്ടിയുടെ മറുപടി ഇങ്ങനെയായിരുന്നു: 'ഞങ്ങൾ സന്നദ്ധസേവകർ എന്ന നിലയിൽ പണിയെടുക്കുന്നു. അതിന് ഞങ്ങൾക്കുകിട്ടുന്ന വേതനം ലൗകികരുടെ ചിന്തയെക്കാൾ എത്രയോ ഉന്നതമാണ്. ഞങ്ങൾ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടിയാണ് പണിയെടുക്കുന്നത്.' അല്ലാഹുവിന്റെ കൃപാകടാക്ഷത്താൽ ലോകത്തെ എല്ലാ രാജ്യങ്ങളിലും വസിക്കുന്ന അഹ്മദികളുടെ മൗലികമായ ഗുണമാണിത്. അവർ ആഫ്രിക്കക്കാരാകട്ടെ, ഇന്തോനേഷ്യക്കാരാവട്ടെ, ദ്വീപുകളിൽ വസിക്കുന്നവരാകട്ടെ, പാശ്ചാത്യരാജ്യങ്ങളിലെ വികസ്വരരാഷ്ട്രങ്ങളിൽ വസിക്കുന്നവരാകട്ടെ! സ്കൂളുകളിലും കോളേജുകളിലും അവധിദിനങ്ങളിൽ കളിക്കുക, വിനോദിക്കുക, പിക്നിക്കിന് പോകുക എന്നൊക്കെയുള്ള കാര്യങ്ങൾക്കാണ് ലോകം മുൻഗണന നല്കുന്നത്. ഭൗതികമായ നിലയിൽ ഉദ്യോഗം വഹിക്കുന്നവരുടെ മുൻഗണന, അവർക്ക് അവധികിട്ടുമ്പോൾ വിശ്രമിക്കുന്നതിനും കുടുംബങ്ങളോടൊപ്പം അവധി കഴിച്ചുകൂട്ടുന്നതിനും ആയിരിക്കും. അത്തരം സന്ദർഭങ്ങളിൽ ഒരു അഹ്മദിയുടെ മുൻഗണനകൾ വ്യത്യസ്തമായിരിക്കും. ആ അവധി നാളുകളിലാണ് ജൽസാസാലാന വരുന്നതെങ്കിൽ വിദ്യാസമ്പന്നരും നിരക്ഷരരും ഓഫീസർമാരും കീഴുദ്യോഗസ്ഥരും തൊഴിൽവിദഗ്ദ്ധരും സാധാരണ തൊഴിലാളികളും വിദ്യാർഥികളുമെല്ലാം സന്നദ്ധസേവനമെന്ന നിലയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികൾക്ക് സേവനം ചെയ്യാൻ തങ്ങളെ സമർപിക്കുന്നു.

മറ്റു ലോകത്തെ വികസ്വര രാഷ്ട്രങ്ങളിൽ ജൽസകൾ വലിയ വലിയ ഹാളുകളിലാണ് നടക്കുന്നത്. അല്ലെങ്കിൽ ധാരാളം സൗകര്യങ്ങളുള്ള സ്ഥലങ്ങളിലാണ് നടക്കുന്നത്. പക്ഷേ, ബ്രിട്ടനിലെ ജൽസ നടക്കുന്നത് എല്ലാ സൗകര്യങ്ങളും താൽക്കാലികമായി ചെയ്യേണ്ടുന്ന സ്ഥലത്താണ്. എവിടെന്നും സാധിക്കാവുന്ന എല്ലാ സൗകര്യങ്ങളും അല്ലെങ്കിൽ കൊടുക്കാവുന്നതെന്തും സംഘടിപ്പിക്കേണ്ടിയുംവരുന്നു. കൂടാതെ കൗൺസിലിൽനിന്ന് നിബന്ധനകളുമുണ്ട്. ജോലി തുടങ്ങുന്ന സമയം മുതൽ ജൽസയ്ക്കുശേഷം എല്ലാ സാധനങ്ങളും അഴിച്ച് ഈ സ്ഥലം ആദ്യമുണ്ടായിരുന്ന കൃഷിയിടംപോലെ അല്ലെങ്കിൽ ഫാംലാന്റുപോലെ ആക്കിക്കൊടുക്കേണ്ടതാണ്. ഈ എല്ലാ ജോലിയും 28 ദിവസത്തിനുള്ളിൽ ചെയ്തിരിക്കണം. ഇതിന്റെ അടിസ്ഥാനത്തിൽ ഈ പരിമിതമായ സമയത്തിനുള്ളിൽ വിശാലമായ ഈ ജോലികൾ ചെയ്യുന്നതിന് ധാരാളം സന്നദ്ധസേവകരുടെ ആവശ്യമുണ്ട്. ജോലികൾ തുടങ്ങുന്നതുമുതൽ അവസാനിക്കുന്നതുവരെയുള്ള സമയം ജോലിയുടെ ഇനത്തിന്റെ അടിസ്ഥാനത്തിൽ വളരെ ചുരുങ്ങിയതായിരിക്കും. പക്ഷേ, വാളണ്ടിയർമാരുടെ ജോലിയുടെ അടിസ്ഥാനത്തിൽ 28

ദിവസത്തിനുമുമ്പേ ചില ജോലികൾ തുടങ്ങാറുണ്ട്. ജൽസഗാഹിലായിരിക്കുകയില്ല അത് നടക്കുന്നത്. എന്നാൽ, ജൽസയുടെ തയ്യാറെടുപ്പിന് രണ്ടുമൂന്നു ആഴ്ച മുമ്പേ വാളണ്ടിയർമാർ ആ ജോലി തുടങ്ങുന്നു. ചുരുക്കിപ്പറഞ്ഞാൽ ഇവിടെത്തെ ഉദ്യോഗസ്ഥരിൽ തങ്ങളുടെ സമയത്തിന്റേയും ധനത്തിന്റേയും ത്യാഗം ഏകദേശം ഒന്നര രണ്ടു മാസംവരെ ചെയ്തുകൊണ്ടിരിക്കുന്ന ചിലയാളുകളുമുണ്ട്. ഈ കാലം ഒരു മനുഷ്യന് ജോലിചെയ്യുന്നതിന്, സന്നദ്ധസേവനമെന്ന നിലയിൽ ജോലി ചെയ്യുന്നതിന് വളരെ വലിയ കാലമാണ്. അതിനാൽ ഇതിന്റെ അടിസ്ഥാനത്തിൽ ബ്രിട്ടനിലെ ജൽസയുടെ സന്നദ്ധസേവകർക്ക് ജൽസയുടെ പ്രവർത്തനത്തിനുള്ള ത്യാഗവും ജൽസയുടെ ഡ്യൂട്ടിയുടെ പ്രാധാന്യവും അറിയാവുന്നതാണ്. വർഷങ്ങളായിട്ട് ഈ സേവനം ചെയ്തുവരുന്നു. പക്ഷേ, എങ്കിലും പുതിയതായിവന്നു ചേരുന്ന ധാരാളം പ്രവർത്തകരുണ്ട്. ചിലർക്ക് ജൽസ ദിനങ്ങളിൽ നേരിട്ട് അതിഥികളുമായി ബന്ധപ്പെടേണ്ടിവരുന്നു. അവരുടെ ഡ്യൂട്ടി ഉണ്ടാകുന്നു. ചിലർക്കു ജൽസയുടെ ദിനങ്ങളിൽ ഡ്യൂട്ടി തുടങ്ങുന്നു. ചിലർക്ക് അതിഥികൾ വന്നുതുടങ്ങിയിട്ടുള്ള ഇപ്പോൾ മുതൽതന്നെ ഡ്യൂട്ടി തുടങ്ങിക്കഴിഞ്ഞു. ഇവരെയെല്ലാവരേയും ഓർമപ്പെടുത്തുക എന്ന നിലയിൽ മുമ്പേയുള്ള സമ്പ്രദായമനുസരിച്ച് ഹ്രസ്വമായി കുറച്ചു കാര്യങ്ങൾ പറയുന്നതാണ്.

ചിലപ്പോൾ ചിലയാളുകളുടെ സേവനം ചെയ്യാനുള്ള വികാരാവേശം വളരെ അധികമായിരിക്കുമെന്നതിൽ സംശയമില്ല. പക്ഷേ, മൗലികമായ ഗുണം എല്ലാവരുടേതും ഒന്നായിരിക്കും. ചിലർ നിരുത്സാഹത്തിന്റെ ഇരയായിരിക്കും. അറിവില്ലാത്തകാരണത്താൽ ചിലർ അതിഥികൾക്ക് വിഷമത്തിനും ബുദ്ധിമുട്ടിനും കാരണമാകുന്ന വിധത്തിൽ ചില കാര്യങ്ങൾ ചെയ്യുകയും അല്ലെങ്കിൽ അവരിൽനിന്ന് അത്തരം കാര്യങ്ങൾ ഉണ്ടാകുകയും ചെയ്യും. ഓർമപ്പെടുത്തുമ്പോൾ സന്നദ്ധസേവനമെന്ന നിലയിൽ ജോലിചെയ്യുന്ന ഉദ്യോഗസ്ഥർ ജാഗരൂകരാകുകയും ചെയ്യുന്നു. കൂടുതൽ ശ്രദ്ധയോടെ തങ്ങളിൽ അർപിതമായിരിക്കുന്ന നിർബന്ധ കാര്യങ്ങൾ ചെയ്യാൻ പരിശ്രമിക്കുന്നു. പ്രവർത്തകർ സേവനവികാരം ഉൾക്കൊണ്ടുകൊണ്ട് പൊതുവെ പ്രവർത്തിക്കുകയില്ലെന്ന ചിന്ത എനിക്കല്പംപോലുമില്ല. തീർച്ചയായും ഈ എല്ലാ പ്രവർത്തകരും സേവന വികാരത്തോടു കൂടി പ്രവർത്തിക്കുന്നവരാണ്. ഓർമപ്പെടുത്തുകയും ഉണർത്തുകയും ചെയ്യുക എന്നത് അല്ലാഹുവിന്റെ കല്പനയാണ്. അതുകൊണ്ട് ഓരോ വർഷവും ഞാൻ ജൽസയ്ക്കു ഒരാഴ്ച മുമ്പേ അതിലേക്ക് ശ്രദ്ധ ക്ഷണിക്കാറുണ്ട്. വിശുദ്ധ ഖുർആനിലും അല്ലാഹു അതിഥികളെക്കുറിച്ച് പറഞ്ഞപ്പോൾ ഹദ്റത്ത് ഇബ്റാഹീം(അ)ന്റെ അതിഥി സൽക്കാരത്തെ കുറിച്ച് പ്രതിപാദിച്ചുകൊണ്ട് അതിഥി സൽക്കാരത്തിന്റെ പ്രാധാന്യം വ്യക്തമാക്കി. നബി(സ)തിരുമേനിയും വിവിധ അവസരങ്ങളിൽ അതിഥി സൽക്കാരത്തിന്റെ പ്രാധാന്യവും അതിന്റെ ഗുണവിശേഷങ്ങളും വിവരിച്ചിരിക്കുന്നു. ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം ഈ ഭാഗത്തേക്ക് നമ്മുടെ പ്രത്യേക ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു. എന്നല്ല തന്റെ നിയോഗോദ്ദേശ്യങ്ങളിൽ ഒരു ഉദ്ദേശ്യം ദീനിനുവേണ്ടി യാത്ര ചെയ്തുവരുന്ന അതിഥികളെ സൽക്കരിക്കുകയാണെന്നും പറഞ്ഞിരിക്കുന്നു.

ആ മഹാത്മാവ് ഒരിടത്തു പറയുന്നു:

"ഈ പ്രവർത്തന സംവിധാനത്തിന്റെ മൂന്നാമത്തെ ശാഖ ഇതിന്റെ വിവരമറിഞ്ഞ് തങ്ങളുടേതായ നാനാവിധ നിശ്ചയങ്ങളുമായി അഭിമുഖദർശനത്തിന് വന്നെത്തിക്കൊണ്ടിരിക്കുന്ന സത്യാന്വേഷികളും വിവിധങ്ങളായ മറ്റു ഉദ്ദേശ്യങ്ങൾക്കായി ഇറങ്ങിത്തിരിച്ചവരുമായ വരവുപോക്കുകാർ അഥവാ സഞ്ചാരികളാകുന്നു." പിന്നീടു പറഞ്ഞു: 'ഈ ശാഖയും വളർന്നു വരികയാണ്."(ഫത്ഹെ ഇസ്‌ലാം റൂഹാനീ ഖസായിൻ വാല്യം 3 പേജ് 14) അതായത് വർധിച്ചുവരികയാണ്. പിന്നീട് അവിടന്ന് ഇങ്ങനേയും പറഞ്ഞു: "ഇക്കൂട്ടർ ആയിരക്കണക്കിനാണ് വന്നുകൊണ്ടിരിക്കുന്നത്. ഖാദിയാനിലെ വളരെ ചെറിയ സ്ഥലത്ത് അക്കാലത്ത് (ഫത്ഹെ ഇസ്‌ലാം റൂഹാനീ ഖസായിൻ വാല്യം 3 പേജ് 14)ഒരു തരത്തിലുള്ള സൗകര്യങ്ങളുമുണ്ടായിരുന്നില്ല. അതിഥികൾക്ക് ആതിഥ്യം നല്കുന്നതിനുവേണ്ടി ബട്ടാലയിൽനിന്നോ അമൃതസറിൽനിന്നോ ഹദ്റത്ത് മസീഹ് മൗഊദ്(അ) സാധനങ്ങൾ വാങ്ങിപ്പിക്കുമായിരുന്നു. അത്തരം അവസ്ഥകളിൽ വരാനും പോകാനുമുള്ള സൗകര്യമില്ലാത്തതുകൊണ്ട് ചില ഘട്ടങ്ങളിൽ മനുഷ്യൻ വിഷമിച്ചുപോകുകയും ചെയ്യും. ചിലപ്പോൾ നടന്നുപോകേണ്ടി വരും. പൊതുവെ യക്കയിലും കുതിരവണ്ടിയിലുമായിരുന്നു പോയിരുന്നത്. അത്തരം പരിതഃസ്ഥിതിയിൽ ഒരു വിദൂരമായ സ്ഥലത്ത് അതിഥി സൽക്കാരം നടത്തുക എന്നത് ഏറെ ദുഷ്കരമാണ്. അതുകൊണ്ട് അല്ലാഹു ആ മഹാത്മാവിന്റെ ഹൃദയത്തെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി ആദ്യം തന്നെ പറഞ്ഞു: അറബിയിലുണ്ടായ ഇൽഹാമാണ്, അതിന്റെ തർജമ ഇങ്ങനെയാണ്: 'ദൂരദേശങ്ങളിൽനിന്ന് നിന്റെ അടുക്കൽ ആളും അർഥവും(സാധനസാമഗ്രികൾ) വന്നെത്തും. അല്ലാഹുവിന്റെ സൃഷ്ടികളുടെ ആധിക്യംകണ്ട് നീ അന്ധാളിച്ചുപോകുകയോ അവരുടെനേരെ അനാദരവ് കാട്ടുകയോ അരുത്. അവരെ കണ്ടിട്ട് നീ തളർന്നുപോകരുത്."(ലക്ചർ സിയാൽക്കോട്ട് റൂഹാനീ ഖസായിൻ വാല്യം പേജ് 242)

ഇന്ന് ലോകത്തിന്റെ ഓരോ മുക്കിലും കോണിലുമുള്ള ജൽസ ഈ ദൃശ്യം കാണിക്കുന്നുണ്ട്. അതായത് ജനങ്ങൾ അധികമധികമായി വരികയും ആത്മീയവും ഭൗതികവുമായ ഭക്ഷണത്തിളിക കരസ്ഥമാക്കുകയും ചെയ്യുന്നു. ഇവിടെ കാലത്തിന്റെ ഖലീഫയുടെ സാന്നിധ്യമുള്ളതുകൊണ്ട് ലോകത്തിന്റെ ഓരോ കോണിൽനിന്നും അതിഥികൾ വരുന്നു. ദീനിന്റെ അറിവ് കരസ്ഥമാക്കാനും തങ്ങളുടെ ആത്മീയമായ ദാഹം ശമിപ്പിക്കാനും വേണ്ടിമാത്രമാണ് അവർ വരുന്നത്.

ഇന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദാസർ അല്ലാഹുവിന്റെ നിർദേശമനുസരിച്ച് നിർമലവും നിസ്വാർഥവും ക്ഷീണിക്കാതെയും തളരാതെയും ഈ അതിഥികളെ സേവിച്ചുകൊണ്ടിരിക്കുന്നു. ഈ അതിഥികളെ സേവിക്കുക എന്നതു തന്നെയാണ് നമ്മുടെ നിർബന്ധ കടമ. ജൽസയുടെ സജ്ജീകരണങ്ങൾ നന്നാക്കിത്തീർക്കാൻ ശ്രമിക്കുക.

ജൽസയിൽ അനഹ്മദികളും അമുസ്‌ലീംകളും പങ്കെടുക്കുന്നുണ്ട്. നമ്മുടെ ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ അവരെ എപ്പോഴും ആകർഷിക്കാറുണ്ട്. ചെറിയ ചെറിയ കുട്ടികൾ തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റിക്കൊണ്ടിരിക്കുന്നതും തങ്ങളെ ഏല്പിച്ചിട്ടുള്ള ചുമതലകൾ അവർ നിർവഹിച്ചുകൊണ്ടിരിക്കുന്നതും വളരെ ഉത്തരവാദിത്വബോധത്തോടെ നിറവേറ്റിക്കൊണ്ടിരിക്കുന്നതും കണ്ട് അനഹ്മദികളും അമുസ്‌ലീംകളും അത്ഭുതപ്പെടുന്നു.

കഴിഞ്ഞവർഷം ഉഗാണ്ടയിൽനിന്ന് ഒരു അതിഥി വന്നിരുന്നു. അദ്ദേഹം അവിടെത്തെ മന്ത്രിയുമാണ്. അദ്ദേഹം പറഞ്ഞു: 'ഞാൻ അതിഥി സൽക്കാരവും ഇവിടെത്തെ സംവിധാനങ്ങളും കണ്ട് അത്ഭുതപ്പെട്ടുപോകുകയാണ്; ഇവർ എങ്ങനെയാണ് സന്നദ്ധസേവനമെന്ന നിലയിൽ ഇത്രമാത്രം ത്യാഗങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്.' പറഞ്ഞു,'ഞാൻ മനുഷ്യരല്ലാത്ത മലക്കുകൾ ജോലി ചെയ്യുന്നത് കാണാൻ പോകുന്ന ഒരു ജൽസയിൽ പങ്കെടുക്കാനാണ് പോകുന്നതെന്ന് എന്റെ സങ്കല്പത്തിൽപോലും ഉണ്ടായിരുന്നില്ല.' പറഞ്ഞു: 'ഒരു സാധനം 20 പ്രാവശ്യം ചോദിച്ചാലും ചിരിച്ചുകൊണ്ടുവന്നു തന്നിരുന്നു.' കുട്ടികൾ അങ്ങേയറ്റം പ്രസന്നവദനരായിക്കൊണ്ട് ഭക്ഷണം വിളമ്പുന്നിടത്ത് ഡ്യൂട്ടികൾ നല്കിയിരുന്ന കാര്യവും ഒരുപാടാളുകൾ പ്രകടിപ്പിച്ചിരുന്നു. ചിരിച്ചുകൊണ്ടുള്ള മുഖത്തോടുകൂടി ജൽസ നഗരിൽ അവർ വെള്ളം വിതരണം ചെയ്യുകയും വീണ്ടും വീണ്ടും ആവശ്യങ്ങൾ തിരക്കി നടന്നുകൊണ്ടിരിക്കുകയും ചെയ്തു. വെള്ളം വേണോ എന്ന് ചോദിച്ചുകൊണ്ടിരുന്നു. ഇത് മുഖ്യാതിഥികളോടു മാത്രമല്ല. മറിച്ച് എല്ലാ അതിഥികളോടുമുള്ള പ്രവർത്തകരുടെ സമീപനം ഇതായിരുന്നു. അഹ്മദിയ്യ ജമാഅത്തിന്റെ എല്ലാ പ്രവർത്തകരുടേയും സേവനവികാരത്തിന്റെ പ്രത്യേകതയായിരുന്നു ഇത്. ഇങ്ങനെതന്നെയാണ് വേണ്ടിയിരുന്നതും. അതിനാൽ, ഏതു വകുപ്പിൽ പ്രവർത്തിക്കുന്നവരാണെങ്കിലും ഈ ഗുണം എല്ലാ പ്രവർത്തകരും എപ്പോഴും സജീവമാക്കി നിറുത്തേണ്ടതാണ്.

നമ്മുടെ ജൽസയിൽ പങ്കെടുക്കാൻ അതിഥികൾ വരുമ്പോൾ അവർക്ക് പല വകുപ്പിലുള്ള പ്രവർത്തകരുമായി ബന്ധപ്പെടേണ്ടി വരുന്നു. വന്നയുടനെ അവർ സ്വാഗതസംഘം വകുപ്പുമായിട്ടാണ് ബന്ധപ്പെടുന്നത്. സ്വാഗതസംഘം വകുപ്പു പൊതുവെ അതിഥികളെ വളരെ നല്ലനിലയിൽ സ്വാഗതം ചെയ്യുന്നു. അതിഥികൾ യാത്രചെയ്തു വരുമ്പോൾ അവർക്ക് ക്ഷീണവുമുണ്ടാകും. യാത്രയിൽ എത്ര സൗകര്യങ്ങളുണ്ടായാലും ഇക്കാലത്തും യാത്രയുടെ ക്ഷീണവും തളർച്ചയുമുണ്ടാകുന്നു. അതുകൊണ്ട് സ്വാഗതസംഘം വകുപ്പു ഇക്കാര്യം എപ്പോഴും അവരുടെ മുമ്പിൽ വെക്കേണ്ടതാണ്.

എയർപോർട്ടിൽ അതിഥികളെ സ്വീകരിക്കാൻ സ്വാഗതവകുപ്പു പ്രവർത്തിക്കുന്നു. പൊതുവെ നല്ല സജ്ജീകരണങ്ങളുള്ളത്. എന്നാൽ, ചില അയൽരാജ്യങ്ങളിൽനിന്നുള്ള അതിഥികൾ കാറുകളിലാണ് വരുന്നത്. അല്ലെങ്കിൽ ബസ്സുകളിൽ മണിക്കൂറുകളോളം യാത്ര ചെയ്താണ് വരുന്നത്. അവർക്കു ക്ഷീണവുമുണ്ടാകും. അതുകൊണ്ട് ഈ വരുന്ന ആളുകൾ ജമാഅത്തു തയ്യാറാക്കിയിട്ടുള്ള താമസസ്ഥലങ്ങളിലാണ് താമസിക്കുന്നതെങ്കിൽ അവിടത്തെ സംഘാടകർ, 'തന്റെ സഹോദരനെ ചിരിച്ചുകൊണ്ട് കണ്ടുമുട്ടുന്നതും സ്വദഖയാണ്' എന്ന് നബി(സ)തിരുമേനി പറഞ്ഞ കാര്യവും ഓർമവെക്കേണ്ടതാണ്. (സുനനുത്തുർമുദി അബ് വാബുൽ ബിർറി വസ്സില ഹദീഥു നമ്പർ 1970) നിസാരമായ നന്മപോലും ചെറുതായി കാണരുതെന്നും ഒരു അവസരത്തിൽ നബി(സ)തിരുമേനി പറയുകയുണ്ടായി. നിങ്ങളുടെ സഹോദരനോടു സന്തോഷത്തോടെ പെരുമാറുന്നതും നന്മയാണ്.(സ്വഹീഹ് മുസ്‌ലിം കിതാബുൽ ബിർറി വസ്സിലഹദീഥു നമ്പർ 2626) നോക്കുക! ഇസ്‌ലാമിന്റെ അധ്യാപനം എത്രമാത്രം മനോഹരമാണ്. അല്ലെങ്കിലും അതിഥി സൽക്കാരം നടത്തണമെന്ന് കല്പനയുള്ളതാണ്. അതു പ്രതിഫലമുള്ള കല്പനയാണ്. ഈ ആതിഥ്യം നല്കുക എന്നത് അതായത് വരുന്നവരുമായി പുഞ്ചിരിച്ചുകൊണ്ട് സംസാരിക്കുക എന്നതും സ്വദഖ കൊടുക്കുന്നതിന് തുല്യമായ കർമത്തിന് പ്രതിഫലമുള്ളതാണ്. അതിനെ സ്വദഖയുടെ പ്രതിഫത്തിന് തുല്യമെന്ന് പറഞ്ഞുകൊണ്ട് ഇരട്ടി പ്രതിഫലത്തിനും പാത്രമാക്കിയിരിക്കുന്നു. ഒന്ന് ആതിഥ്യത്തിനുള്ള പ്രതിഫലം. ഒന്ന് സൽസ്വഭാവത്തോടെ പെരുമാറിയതിലുള്ള സ്വദഖയുടെ പ്രതിഫലം. സ്നേഹത്തോടെയുള്ള സംസാരം സന്തോഷത്തോടെയുള്ള സംസാരം നന്മകളിൽ ഉൾപ്പെടുന്നു. നന്മയ്ക്ക് അല്ലാഹു എത്രയാണ് പ്രതിഫലം നല്കേണ്ടത്, അത് അല്ലാഹുവാണ് നല്ലവണ്ണം അറിയുന്നവൻ.

വഴി കാണിച്ചുകൊടുക്കുന്നതും സ്വദഖയാണെന്ന് നബി(സ)തിരുമേനി പറയുകയുണ്ടായി. (സ്വഹീഹ് ബുഖാരി കിതാബുൽ ജിഹാദ് ഹദീഥു നമ്പർ 1891) ഈ വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തകരും ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. യാത്ര ചെയ്ത് വരുന്ന യാത്രക്കാരോട് ആദ്യം സന്തോഷത്തോടെ പെരുമാറുക. പിന്നീട് സഹായികൾ മുഖേന അവരെ അവരുടെ താമസസ്ഥലത്തെത്തിക്കുക; പ്രത്യേ

## ഇർശാദുന്നബ്‌വി(സ)

*"അൽബലാഉ മുഅക്കലുൻ ബിൽ മൻതിഖി"*

എല്ലാ ആപത്തുകളുമുണ്ടാകുന്നത് സംസാരത്തിൽ നിന്നാണ്. (നാല്പത് ഹദീഥുകൾ)

**ത്വാലിബെ ദുആ:**

**പി.പി.ഹസ്സൻ കോയ, മഞ്ചേരി**

## ഇർശാദുന്നബ്‌വി(സ)

*"അർറാജിഉ ഫീ ഹിബ്ത്തിഹീ കർറാജിഉ ഫീ ഖയ്യിഹീ"* ഉപഹാരം കൊടുത്തിട്ട് തിരിച്ചുവാങ്ങുന്നവൻ ഛർദ്ദിച്ചത് തിന്നുന്നവനെപ്പോലെയാണ്. (നാല്പത് ഹദീഥുകൾ)

**ത്വാലിബെ ദുആ:**

**ആശിഖ് അഹ്മദ്, കണ്ണൂർ സിറ്റി**

കിച്ചും സ്ത്രീകളും കുട്ടികളും കൂടെയുള്ളപ്പോൾ! അതായത് ഭർത്താക്കന്മാരില്ലാതെ സ്ത്രീകളും കുട്ടികളും മാത്രം വരുമ്പോൾ അവരെ താമസ സ്ഥലംവരെ എത്തിക്കുക എന്നത് സ്വാഗതസംഘ വകുപ്പിന്റെ അല്ലെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ ജോലിയാണ്. ഇത് വളരെ അത്യാവശ്യമായ കാര്യമാണ്. ചില സന്ദർഭങ്ങളിൽ സാധനങ്ങളും മറ്റും ഏറ്റേണ്ട ആവശ്യം വരും. അപ്പോൾ അവരെ സഹായിക്കേണ്ടതാണ്. ഇപ്രകാരം തന്നെ പുഞ്ചിരിച്ചും സന്തോഷത്തോടെയും സംസാരിക്കുക എന്നത് സ്വാഗതസംഘത്തിലെ പ്രവർത്തകരുടെ മാത്രം പണിയല്ല. മറിച്ച് എല്ലാ വകുപ്പുകളിലും പെട്ടവരുടെ ജോലിയാണ്.

ഇപ്പോഴത്തെ അവസ്ഥകൾ കാരണത്താൽ എയിംസ്(AIMS)കാർഡ് വെക്കുക എന്നത് വളരെ നിർബന്ധമാണ്. വെളിയിൽനിന്ന് വരുന്ന ചിലർ പരിചയപ്പെടുത്തിക്കൊണ്ടുള്ള കത്തും മറ്റു വിവരങ്ങളും കൊണ്ടുവരാറുണ്ട്. പിന്നീട് അവർക്ക് ജൽസയ്ക്കുപ്രവേശിക്കാനുള്ള കാർഡ് ഇവിടെ ഉണ്ടാക്കുന്നു. ചിലപ്പോൾ സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള കത്ത് ഉണ്ടാകുകയില്ല. അത്തരം ഘട്ടത്തിൽ തൃപ്തി കൈവരുത്തേണ്ടത് തികച്ചും നിർബന്ധമാണ്. തൃപ്തി വരാത്തിടത്തോളം കാർഡ് ഉണ്ടാക്കാൻ പാടില്ല. സാക്ഷ്യപെടുത്തലിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. പക്ഷേ, ഈ സമയത്ത് വന്നയാളോടു മര്യാദയോടുകൂടി പെരുമാറുക, അവർക്ക് കാത്തിരിക്കാനുള്ള ഉചിതമായ ഏർപാടു ചെയ്യുക എന്നതും വളരെ അത്യാവശ്യമാണ്.

ഒന്നാമതായ ഈ ജൽസയിൽ വരുന്ന എല്ലാവരും ജമാഅത്തിന്റെ സാക്ഷ്യത്തോടുകൂടി വരേണ്ടതാണ്. എയിംസ്(AIMS)കാർഡുമായി വരേണ്ടതാണ്. ഇനി എന്തെങ്കിലും കാരണത്താൽ ഇതു എടുക്കാൻ വിട്ടുപോയാൽ ഞാൻ പറഞ്ഞതുപോലെ ബന്ധപ്പെട്ട വകുപ്പ് നടപടി കൈക്കൊള്ളുന്നതുവരെ അവർക്ക് സുഖകരമായി ഇരിക്കുന്നതിന് സംവിധാനം ചെയ്തുകൊടുക്കേണ്ടതാണ്.

പിന്നീടുള്ളത് അതിഥിസൽക്കാരവുമായി ബന്ധപ്പെട്ട ഭക്ഷണത്തിന്റെ കാര്യമാണ്. ജമാഅത്ത് ചെയ്തിട്ടുള്ള താമസസൗകര്യത്തിൽ താമസിക്കുന്ന രണ്ടു നേരം അല്ലെങ്കിൽ മൂന്നുനേരം ഭക്ഷണം കഴിക്കുന്ന അതിഥികൾക്ക് അതിന്റെ ആതിഥ്യം നിർബന്ധമാണ്. പക്ഷേ, ജൽസയുടെ മൂന്നു ദിവസങ്ങളിൽ പൊതുവെ ജൽസ കേൾക്കാൻ വരുന്ന എല്ലാ അതിഥികളും കുറഞ്ഞ പക്ഷം ഉച്ചഭക്ഷണം ജമാഅത്തു ചെയ്തിട്ടുള്ള ഏർപാടനുസരിച്ച് കഴിക്കുന്നവരാണ്. ഇതിൽ ഭക്ഷണം വിതരണം ചെയ്യുന്ന ഓഫീസർമാരും സഹായികളും അതിഥികളോടു സൽസ്വഭാവത്തോടെ പെരുമാറേണ്ടതാണ്. സൽസ്വഭാവത്തോടെ പെരുമാറുക എന്നത് അതിഥികളുടെ അവകാശമാണ്. ആതിഥേയരുടെ നിർബന്ധ കടമയുമാണ്. ചിലയാളുകൾ ഭക്ഷണത്തിന്റെ കാര്യത്തിൽ പ്രവർത്തകരെ ബുദ്ധിമുട്ടിൽ അകപ്പെടുത്താറുണ്ട്. വിവിധ രീതിയിലുള്ള ചോദ്യങ്ങൾ ചോദിക്കുന്നു. ഇല്ലെങ്കിൽ ഇതുവേണം അതുവേണം എന്ന് പറഞ്ഞ് ഓരോന്നും ആവശ്യപ്പെട്ടുകൊണ്ടിരിക്കും. പക്ഷേ, പ്രവർത്തകർ എന്നാലും ക്ഷമിക്കേണ്ടതാണ്. ഭക്ഷണം എന്നു പറയുന്നത് അത് വിതരണം ചെയ്യുന്നവരുടെ ഉചിതമല്ലാത്ത പെരുമാറ്റം അല്ലെങ്കിൽ നിസാരമായ അനാവശ്യ സംസാരംപോലും അതിഥികളുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്നതായിരിക്കും. നബി(സ)തിരുമേനിയുടെ സ്വഹാബാക്കൾ അതിഥി സൽക്കാരം നടത്തുമ്പോൾ എന്നെന്നും തങ്കലിപികളാൽ എഴുതപ്പെടുന്ന രീതിയിലുള്ള മാതൃകയായിരുന്നു കാണിച്ചിരുന്നത്.

ഒരു സ്വഹാബിയോടു അതിഥിയെ അയാളോടൊപ്പം കൊണ്ടുപോകാനും ഭക്ഷണം കൊടുക്കാനും നബി(സ)തിരുമേനി നിർദേശിച്ചു. നബി(സ)തിരുമേനിയുടെ കല്പന പാലിച്ച് ആ സ്വഹാബി അതിഥിയെ വീട്ടിൽ കൊണ്ടുപോയി. പക്ഷേ, കുട്ടികൾക്കുള്ള അല്പം ഭക്ഷണമേയുള്ളുവെന്ന് ഭാര്യ പറഞ്ഞു. രണ്ടു പേരും കൂടി ആലോചിച്ചു. കുട്ടികളെ എങ്ങനെയെങ്കിലും ഉറക്കുക. പിന്നീട് ഉള്ള ഭക്ഷണം അതിഥിയുടെ മുന്നിൽ വെക്കുമ്പോൾ വിളക്ക് അണയ്ക്കുക. എന്നിട്ട് ഭാര്യയും ഭർത്താവും അതിഥിയോടൊപ്പം ഭക്ഷണം കഴിക്കുന്നതായി അഭിനയിക്കുക. ഭക്ഷണം കഴിക്കുന്നില്ല എന്ന് അതിഥിയ്ക്ക് തോന്നാൻ ഇടനല്കരുത്. എന്തായാലും ഈ ആസൂത്രണം അതിഥി അറിഞ്ഞില്ല. വീട്ടുകാർ ഈ രീതിയിൽ അതിഥിക്ക് ഭക്ഷണം നല്കി. അതിഥി വളരെ സമാധാനത്തോടെ ഭക്ഷണം കഴിച്ചു. രാവിലെ ആ അൻസ്വാരി സ്വഹാബി(റ) നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായപ്പോൾ അവിടന്ന് പറഞ്ഞു: നിങ്ങളുടെ രാത്രിയിലെ പ്രവർത്തിയും പദ്ധതിയും കണ്ട് അല്ലാഹുവും ചിരിച്ചുപോയി. (സ്വഹീഹ് ബുഖാരി കിതാബുൽ മനാഖിബ് ഹദീഥു നമ്പർ 3798). ആ കുടുംബം ഈ ത്യാഗം പ്രത്യേകമായ നിലയിൽ ചെയ്തത് അത് നബി(സ)തിരുമേനിയുടെ അതിഥിയായതുകൊണ്ടാണ്. പൊതുവായ നിലയിൽ സ്വഹാബാക്കൾ അതിഥി സൽക്കാരം നടത്താറുണ്ടായിരുന്നു. പക്ഷേ, അതിനോടൊപ്പം ഇക്കാരണത്താൽ ഈ പ്രത്യേക പെരുമാറ്റവുമുണ്ടായി.

ഇന്ന് നമ്മുടെ എല്ലാ ഓരോ പ്രവർത്തകനും ഈ ത്യാഗം ചെയ്യുന്നത് അവർ നബി(സ)തിരുമേനിയുടെ സത്യദാസന്റെ അതിഥികൾക്ക് സേവനം ചെയ്തുകൊണ്ടിരിക്കുന്നുവെന്ന വികാരത്തോടുകൂടിയായിരിക്കേണ്ടതാണ്. ഈ വിശപ്പിന്റെ ത്യാഗം, തങ്ങളുടെ ഭക്ഷണം അതിഥിയെ തീറ്റിക്കുന്ന ത്യാഗം, കുട്ടികളെ അതുമിതും പറഞ്ഞ് ഉറക്കുന്ന ആ വലിയ ത്യാഗമൊന്നും ഇക്കാലത്ത് നല്കേണ്ടി വരുന്നില്ല. അല്ലാഹുവിന്റെ കൃപാകടാക്ഷത്താൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു അല്ലാഹു ചെയ്ത വാഗ്ദാനമനുസരിച്ച് ലോകത്തെല്ലായിടത്തും ഇന്ന് ശക്തമായ അടിത്തറയിൽ നിലകൊള്ളുന്ന എല്ലാ ജമാഅത്തുകളിലും ലങ്കർ നടന്നു വരുന്നുണ്ട്. പ്രത്യേകിച്ചും ജൽസയുടെ ദിനങ്ങളിൽ അതിന്റെ പ്രത്യേക സജ്ജീകരണങ്ങളാണുണ്ടാകുന്നത്. നമ്മൾ ചെയ്യേണ്ട സേവനം ലങ്കറിൽനിന്ന് ഭക്ഷണം വാങ്ങി അതിഥികളുടെ മുന്നിൽ വെച്ചു കൊടുക്കുക എന്നതു മാത്രമാണ്. അതിഥികളോടു നല്ല നിലയിൽ പെരുമാറേണ്ടതാണ്. ജൽസയിൽ വരുന്നവരെ, ദീനിനുവേണ്ടി യാത്രചെയ്തുവരുന്ന അതിഥികളെ അവൻ സേവിച്ചു എന്ന കാര്യത്തിൽ അല്ലാഹു സന്തോഷിക്കുന്നു. ശരിയായ നിലയിലുള്ള അതിഥി സൽക്കാരമല്ലെങ്കിൽ അല്ലാഹുവിൽനിന്ന് വെറുപ്പിന്റെ പ്രകടനവുമുണ്ടാകുന്നു.

ഒരു അവസരത്തിൽ ചില അതിഥികളോടു അപമര്യാദയോടുകൂടിയുള്ള പെരുമാറ്റമുണ്ടായി. ചിലരെ അവഗണിച്ചു. ഈ എല്ലാ ജോലികളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ അതിഥി സൽക്കാരത്തിന്റെ ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥരാണ് ചെയ്തിരുന്നത്. രാത്രിയിൽ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഇക്കാര്യം അറിയിച്ചു; രാത്രിയിൽ പ്രദർശനപരത ചെയ്യപ്പെട്ടു. കൃത്രിമം കാണിക്കപ്പെട്ടു. ശരിയായ നിലയിൽ അതിഥികൾക്ക് സേവനം ചെയ്യപ്പെട്ടില്ല. ചില അഗതികൾക്ക് ഭക്ഷണം കിട്ടിയില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) അവരുടെ ഈ പെരുമാറ്റത്തിൽ വെറുപ്പ് പ്രകടിപ്പിച്ചു. പിന്നീട് സംവിധാന നിയന്ത്രണം നേരിട്ടേറ്റെടുത്തു. എന്നല്ല ആ ഉദ്യോഗസ്ഥരെ ആറുമാസത്തേക്ക് ഖാദിയാനിൽനിന്ന് പുറത്താക്കുകയും ചെയ്തുവെന്ന് നിവേദനത്തിൽ വന്നിരിക്കുന്നു.(തദ്കിറ പേജ് 689 നാലാം പതിപ്പ് 2004)

സേവനത്തിനായി നമ്മൾ നമ്മളെ സമർപിക്കുമ്പോൾ ഒരു തരത്തിലുള്ള പക്ഷഭേദവും കൂടാതെ എല്ലാവരേയും സേവിക്കേണ്ടതാണ്. ജൽസയിൽ പങ്കെടുക്കാൻ വരുന്ന എല്ലാ അതിഥികളും ജൽസയുടെ അതിഥികളാണ്. എല്ലാവരോടും നല്ല നിലയിൽ പെരുമാറേണ്ടതും എല്ലാവരോടും സൽസ്വഭാവം കാണിക്കേണ്ടതും നിർബന്ധമാണ്. ഇന്നയാൾ മുതലാളിയാണ്. ഇന്നയാൾ പ്രത്യേക അതിഥിയാണ്. അയാളെ ഇന്ന സ്ഥലത്തിരുത്തി ഭക്ഷണം നല്കേണ്ടതാണ്. ഇന്നയാളെ അവിടെ ഇരുത്താൻ പാടില്ല എന്നൊന്നും പാടില്ല. എവിടെയാണോ ഭക്ഷണം വിതരണം ചെയ്യാനുള്ള സജ്ജീകരണം ചെയ്തിട്ടുള്ളത് അവിടെ ഇരുത്തി ഭക്ഷണം നല്കുക. പൊതുവെ അഹ്മദികളെല്ലാവരും ഒരിടത്തിരുന്നു ഭക്ഷണം കഴിക്കേണ്ടതാണ്. പ്രത്യേക അതിഥികൾക്കായി ചില സ്ഥലങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. അത് ജമാഅത്തിൽപ്പെടാത്തവർക്കും അമുസ്ലീംകൾക്കുംവേണ്ടിയാണ് ഒരുക്കിയിട്ടുള്ളത്. അവിടെ അവരെ മാത്രം കൊണ്ടുപോകേണ്ടതാണ്. ഇക്കാര്യവും സംഘാടകർ ശ്രദ്ധിക്കേണ്ടതാണ്. അതിഥികളുടെ മാത്രം സ്ഥലമായ ഇവിടെ ചില ഉദ്യോഗസ്ഥർ തങ്ങളുടെ യാളുകളെ ഭക്ഷണം നല്കാൻ കൊണ്ടുപോകുന്നതായി എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് പൊതുവായ നിലയിൽ -അവർ അഹ്മദി ഉദ്യോഗസ്ഥരാവട്ടെ മറ്റാരെങ്കിലുമാവട്ടെ-അവരെ പൊതു അതിഥികളുടെ സ്ഥലത്തുതന്നെ കൊണ്ടുപോയി ഭക്ഷണം നല്കേണ്ടതാണ്.

അതിനോടൊപ്പം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികൾക്കുവേണ്ടി ചെയ്യുന്ന നമ്മുടെ ഈ ചെറിയ സേവനത്തെ അല്ലാഹു സ്വീകരിക്കുമാറാകട്ടെ എന്നുള്ള ദുആയും ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. നമ്മുടെ ജോലി എല്ലാതരത്തിലുള്ള പ്രദർശനപരതയിൽനിന്നും ശുദ്ധമായിരിക്കട്ടെ. അതെല്ലാം അല്ലാഹുവിനുവേണ്ടി മാത്രം ആയിരിക്കുമാറാകട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ ചില ദിനങ്ങളിൽ താമസസൗകര്യത്തിനുപോലും ബുദ്ധിമുട്ടുണ്ടാകുന്ന വിധത്തിൽ അധികമായി അതിഥികൾ വരുമായിരുന്നു. കാരണം ഖാദിയാൻ വളരെ ചെറിയ സ്ഥലമായിരുന്നു. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ)വിഷമിക്കരുത്, ക്ഷീണിക്കരുത് എന്ന അല്ലാഹുവിന്റെ നിർദേശമനുസരിച്ച് കൃത്രിമം ഒന്നും കൂടാതെ ചെയ്തു കൊടുക്കാൻ കഴിയുംവിധമുള്ള സൗകര്യം അതിഥികൾക്ക് ചെയ്തുകൊടുത്തിരുന്നു. അതിഥികളുടെ ആധിക്യംകൊണ്ട് തന്റേയും കുട്ടികളുടേയും ചൂടുവസ്ത്രങ്ങൾ അതിഥികൾക്ക് കൊടുത്തിരുന്ന സന്ദർഭങ്ങളും ചിലപ്പോൾ ഉണ്ടായിട്ടുണ്ട്.(സീറത്തുൽ മഹ്ദി വാള്യം 2 ഭാഗം 4 പേജ് 91-92 നിവേദനം നമ്പർ 1118) ഒരു പ്രാവശ്യം എത്ര കണ്ട് അധികം അതിഥികൾ വന്നിരുന്നുവെന്നാൽ അതിഥികളെ എവിടെയാണ് താമസിപ്പിക്കുക, എങ്ങനെ അതിനുള്ള ഏർപാടു ചെയ്യും എന്നൊക്കെ ഓർത്ത് അമ്മാ ജാൻ ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ(റ) വളരെ വിഷമിച്ചുപോയിരുന്നു.

ആ അവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)അവരെ ഒരു കഥ കേൾപിക്കുകയുണ്ടായി. വനത്തിൽ ഒരു യാത്രക്കാരന് സന്ധ്യയായിപ്പോയി. നല്ല ഇരുട്ടുള്ള രാത്രി. അടുത്ത് ജനവാസമുള്ള സ്ഥലമൊന്നുമുണ്ടായിരുന്നില്ല. പോയി വിശ്രമിക്കാൻ പറ്റിയ പട്ടണവും ഉണ്ടായിരുന്നില്ല. ആ പാവം രാത്രി കഴിച്ചുകൂട്ടുന്നതിനുവേണ്ടി ഒരു മരത്തിന്റെ കീഴെ കിടന്നു. ആ മരത്തിൽ പക്ഷികളുടെ ഒരു കൂടുണ്ടായിരുന്നു. അവർ ഇണപ്പക്ഷികളായിരുന്നു. മരത്തിന്റെ കീഴിൽ കിടക്കുന്ന മനുഷ്യൻ ഇന്ന് തങ്ങളുടെ അതിഥിയാ

## ഇർശാദുന്നബ്‌വി(സ)

*“ഇസ്തഈനു അലൽഹവാജിജ ബിൽകിത്മാനി”* തങ്ങളുടെ ആവശ്യങ്ങൾക്ക് രഹസ്യമായി സഹായം തേടുക. (നാല്പത് ഹദീഥുകൾ)

**ത്വാലിബെ ദുആ:**
**എം.എ.മുഹമ്മദ് കോഴിക്കോട്**

## ഇർശാദുന്നബ്‌വി(സ)

*“അൽ ഹർബു ഖുദ്അത്തുൻ”*
യുദ്ധം ഒരു അടവു തന്ത്രമാണ്.
(നാല്പത് ഹദീഥുകൾ)

**ത്വാലിബെ ദുആ:**
**അബ്ദുസ്സമദ് , പഴയങ്ങാടി**

## ഇർശാദുന്നബ്‌വി(സ)

*“അൽമുസ്തശാറു മുഅ്തമനുൻ”*
അഭിപ്രായം ചോദിക്കപ്പെടുന്നയാൾ വിശ്വസ്തനായിരിക്കേണ്ടതാണ്. (നാല്പത് ഹദീഥുകൾ)

**ത്വാലിബെ ദുആ:**
**കെ.മുഹമ്മദ് സ്വാലിഹ്, കണ്ണൂർസിറ്റി.**

ണെന്നും അതുകൊണ്ട് അതിഥിയ്ക്ക് സല്ക്കാരം നല്കേണ്ടത് നിർബന്ധകടമായാണെന്നും ആ പക്ഷികൾ തീരുമാനിച്ചു. അവരെങ്ങനെയാണ് അതിഥി സൽക്കാരം നടത്തിയത്. തണുപ്പുള്ള രാത്രിയാണ്, തങ്ങളുടെ അതിഥിക്ക് തണുപ്പുണ്ടാകും അതിനാൽ തീ കായുന്നതിന് എന്തെങ്കിലും ഏർപാടു ചെയ്യണമെന്നാണ് അവർ ആദ്യം ആലോചിച്ചത്. തങ്ങളുടെ കൈയിൽ അതിനായി ഒന്നുംതന്നെയില്ല. അതുകൊണ്ട് കൂടുപൊളിച്ച് താഴേക്കിടാം; അതിലെ പുല്ലും നാരും മറ്റുമെടുത്ത് കത്തിച്ച് അതിഥി തീ കാഞ്ഞുകൊള്ളും. അങ്ങനെ അവർ തങ്ങളുടെ കൂട് താഴേക്കിട്ടു. അയാൾ അതെടുത്ത് കത്തിക്കുകയും തീ കായാൻ തുടങ്ങുകയും ചെയ്തു. പിന്നീട് ആ പക്ഷികൾ തീരുമാനിച്ചു; അതിഥിയ്ക്ക് ഭക്ഷണം നല്കുന്നതിന് നമ്മുടെ കൈയിൽ മറ്റൊന്നുമില്ല. നമുക്ക് സ്വയം തീയിൽ വീഴാം. നമ്മുടെ അതിഥി നമ്മെ ചുട്ടു തിന്നുകൊള്ളും. അങ്ങനെ അവർ അതുതന്നെ ചെയ്തു. അതിഥിയ്ക്കുള്ള ഭക്ഷണത്തിന് ഏർപാ ടു ചെയ്തു."(സീറത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ), ഹദ്റത്ത് ശേയ്ഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനീ പേജ് 130-131) ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ കഥ കേൾപിച്ചതിന്റെ ഉദ്ദേശ്യം അതിഥി വന്നതിൽ വിഷമിക്കുന്നതിനുപകരം കഴിയുന്നത്ര ത്യാഗം ചെയ്ത് അതിഥി സൽക്കരം നടത്തണമെന്നാണ്.

ഇത് നമുക്കെല്ലാവർക്കുമുള്ള പാഠമാണ്; പ്രത്യേകിച്ചും ഈ ജോലികൾക്ക് തങ്ങളെ സമർപ്പിക്കുന്നവരുടെ. തങ്ങളിൽ അർപിതമായിരിക്കുന്ന ഡ്യൂട്ടികൾ നിറവേറ്റാൻ പരിപൂർണമായും ശ്രമിക്കുക.

ഒരുപാട് ഡ്യൂട്ടികളുണ്ട്. വിവിധവകുപ്പുകളുണ്ട്. ഉദാഹരണത്തിന് കാർപാർക്കിംഗിനും ഒരു വകുപ്പുണ്ട്. ചില ഘട്ടങ്ങളിൽ അതിഥികളിവിടെ തെറ്റായ രീതി കാണിക്കാറുണ്ട്. സംഘാടകർ പറയുന്ന രീതിയിൽ പാർക്കു ചെയ്യാതെ ശാഠ്യം പിടിക്കുന്നു. തങ്ങൾ ഇഷ്ടപ്പെടുന്ന സ്ഥലത്ത് പാർക്കിംഗ് ചെയ്യാനാഗ്രഹിക്കുന്നു. അത്തരം ഘട്ടത്തിൽ സംഘാടകർ വളരെ സൗമ്യമായി അവർക്ക് മനസ്സിലാക്കിക്കൊടുക്കാൻ ശ്രമിക്കേണ്ടതാണ്. എന്നിട്ട് നിങ്ങളുടെ മേലുദ്യോഗസ്ഥനെ വിവരമറിയിക്കുക. കഴിഞ്ഞ വർഷവും ഇത്തരത്തിലുള്ള പരാതികൾ ലഭിച്ചിരുന്നു. കാറിൽവന്ന കുറച്ചു സ്ത്രീകൾ തങ്ങൾ കാർ മുന്നോട്ടു കൊണ്ടുപോകുമെന്ന് പറഞ്ഞു. ഡ്യൂട്ടിയിൽ ഉണ്ടായിരുന്നവരുമായി കശപിശയുണ്ടായി. തങ്ങളുടെ കടമകൾ നിറവേറ്റുക എന്നത് എല്ലാ പ്രവർത്തകരുടേയും നിർബന്ധകടമയാണെന്നത് ശരിതന്നെയാണ്. ഇക്കാലത്തെ പരിതഃസ്ഥിതിയിൽ ധാരാളം സൂക്ഷ്മത പാലിക്കേണ്ടത് അനിവാര്യവുമാണ്; പ്രത്യേകിച്ചും പാർക്കിംഗിൽ. പക്ഷേ, അതിനോടൊപ്പം ഞാൻ പറഞ്ഞതുപോലെ സൽസ്വഭാവങ്ങളുടെ പ്രകടനവും ഉണ്ടാവേണ്ടതാണ്. ശരിയായ ആവശ്യമാണെന്നുകണ്ടാൽ ആരെങ്കിലും രോഗിയോ മറ്റെന്തെങ്കിലും കാരണത്താലോ ആണെങ്കിൽ അവർക്ക് സൗമ്യമായി മനസ്സിലാക്കിക്കൊടുക്കുക. ഞാൻ എന്റെ ഉയർന്ന ഉദ്യോഗസ്ഥനെ വിളിക്കാം അദ്ദേഹം നിങ്ങൾക്ക് എന്തെങ്കിലും സൗകര്യം ഏർപ്പെടുത്തിത്തരുമെന്ന് പറയുക. ട്രാഫിക്കിനെ ബാധിക്കാതിരിക്കാൻ നിങ്ങൾ ഒരു ഭാഗത്തേക്ക് അല്പം നീങ്ങിനില്ക്കുക എന്നും വിനയത്തോടെ പറയുക. അതിഥികൾ അതിനോടു സഹകരിക്കുകയും വേണം. കാരണം ചില ഘട്ടങ്ങളിൽ ഈ സംസാരത്തിനും വഴക്കിനുമിടയിൽ കാറുകളുടെ നീണ്ടനിര രൂപം കൊള്ളുകയും മറ്റുള്ളവരെ അത് ബാധിക്കുകയും ചെയ്യും. ജൽസ പരിപാടികൾ തുടങ്ങിയതിനുശേഷം ആളുകൾ ജൽസാ ഗാഹിലെത്തുമ്പോൾ അവിടെ ഇരിക്കുന്ന ആളുകൾക്ക് അത് ഡിസ്റ്റർബ് ആകും.

കഴിഞ്ഞ ജൽസയിൽ മുന്നിൽവന്ന എല്ലാ പ്രശ്നങ്ങൾക്കുമുള്ള പരിഹാരം സംഘാടകർ കണ്ടെത്തേണ്ടതാണ്. പരിശോധിക്കേണ്ടതാണ്. ഏതൊരു വകുപ്പിലാണോ ഈ പ്രശ്നമുണ്ടായത് അവരും ഇത് പരിശോധിക്കേണ്ടതാണ്. ഇതെങ്ങനെ പരിഹരിക്കാമെന്ന് അഫ്സർ ജൽസസാലാനയോടു പറയുകയും വേണം; ഈ വർഷം പ്രശ്നങ്ങൾ കുറയ്ക്കാൻ. ചെറിയ ചെറിയ പ്രശ്നങ്ങൾ ഉണ്ടാകുന്നതാണ്. പക്ഷേ, അതെത്രയും കുറയ്ക്കാൻ ശ്രമിക്കേണ്ടതാണ്.

സ്കാനിംഗിനും ചെക്കിംഗിനും സകല സുരക്ഷയോടുകൂടി ജനങ്ങൾക്ക് കൂടുതൽ നേരം ലൈനിൽനിന്ന് ബുദ്ധിമുട്ടുണ്ടാകാൻ ഇടവരാത്തവിധമുള്ള ഏർപാടുകളുണ്ടാവേണ്ടതാണ്. പ്രവേശനകവാടവും ജൽസഗാഹിലേക്കുള്ള എൻഡ്രൻസി (entrance)ലും വരുന്നവർക്ക് പെട്ടെന്ന് വാതിലിലൂടെ കടന്നുപോകാൻ തങ്ങളുടെ കാർഡ് മുന്നിൽ വെക്കാനും ലൈനിൽ നില്ക്കാനും ആവർത്തിച്ചാവർത്തിച്ച് വിളംബരം ചെയ്തുകൊണ്ടിരിക്കേണ്ടതാണ്.

ഇപ്രകാരംതന്നെ കുളിമുറികൾ വൃത്തിയാക്കുന്ന പ്രവർത്തകരുണ്ട്; പുരുഷന്മാരുടെ ഭാഗത്തും സ്ത്രീകളുടെ ഭാഗത്തും. ആളുകൾ അഴുക്കുകൾ കൊണ്ടിടുന്ന കാരണത്താൽ ചില ഘട്ടങ്ങളിൽ വല്ലാതെ ബുദ്ധിമുട്ടിപ്പോകാറുണ്ട്. സഹായികൾ ആവർത്തിച്ചാവർത്തിച്ച് വൃത്തിയുടെ കാര്യം ശ്രദ്ധിക്കുക എന്നും പരിശുദ്ധിയും പവിത്രതയും ഈമാനിന്റെ ഭാഗമാണെന്നും അതുകൊണ്ട് അതിഥികൾ തങ്ങളുടെ പരിസരം വൃത്തിയാക്കിവെക്കുകയെന്നും കുളിമുറികളും വൃത്തിയായി സൂക്ഷിക്കുകയെന്നും അതുകൊണ്ട് ദോഷമൊന്നുമില്ലെന്നും വിളംബരം ചെയ്തുകൊണ്ടിരുന്നാൽ പൊതുവെ ആളുകൾ സഹകരിക്കുന്നതായിരിക്കും. ഇതു തന്നെയാണ് കഴിഞ്ഞ വർഷം റിപ്പോർട്ടു വന്നുകൊണ്ടിരുന്നതും. ഇനി ആരെങ്കിലും സഹകരിക്കാതിരുന്നാൽത്തന്നെയും പ്രവർത്തകർ സ്വയം വൃത്തിയാക്കേണ്ടതാണ്. ഇതാണ് അവരുടെ ഡ്യൂട്ടി. ഒരു തരത്തിലുള്ള അപമര്യാദയോടുകൂടിയ പെരുമാറ്റവും അവരിൽനിന്ന് ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഒരിക്കലും അവർ ക്ഷമയുടെ കോന്തല കൈവിട്ട് കളയാൻ പാടില്ല.

ഇപ്രകാരം ജൽസാഗാഹിന്റെ മൊത്തത്തിലുള്ള ശുചീകരണവുമുണ്ട്. ജൽസാ ഗാഹിൽ പുരുഷന്മാരുടെ ഭാഗത്തും സ്ത്രീകളുടെ ഭാഗത്തും കുട്ടികൾ ചിലപ്പോൾ ഗ്ലാസ്സ്, റാപ്പർ(wraper) തുടങ്ങിയവ കൊണ്ടിടാറുണ്ട്. അതുപോലെതന്നെ പാത്രം മുതലായവയും കൊണ്ടിടുന്നു. എന്നല്ല ചിലപ്പോൾ മുതിർന്നവരും അങ്ങനെ ചെയ്യാറുണ്ട്. അത്തരം ഘട്ടത്തിൽ നിശ്ചിതപ്രവർത്തകർ അതിനോടൊപ്പം അത് വൃത്തിയാക്കിക്കൊണ്ടിരുന്നാൽ വൈന്റപ്പ് ചെയ്യുന്ന പ്രവർത്തകർക്ക് എളുപ്പമുണ്ടാകുന്നതാണ്. കാരണം അവിടെനിന്ന് പന്തലും വലിയ വലിയ സാധനങ്ങളും മാത്രം എടുത്തുനീക്കായാൽപോര. എല്ലാ തരത്തിലുള്ള മാലിന്യങ്ങളും കടലാസുതുണ്ടുകളുമെല്ലാം എടുത്തുമാറ്റേണ്ടത് നിർബന്ധമാണ്. അപ്പോഴാണ് കൗൺസിൽ ക്ലിയറൻസ് നല്കുന്നത്. എന്തായാലും ഇപ്രകാരം അതിഥികളോടു സൗമ്യമായി ആവർത്തിച്ചാവർത്തിച്ച് മാലിന്യങ്ങൾ അവിടേയും ഇവിടേയും എറിയാതെ ഡസ്റ്റ്ബനിൽ ഇടാൻ പറഞ്ഞുകൊണ്ടിരിക്കേണ്ടതാണ്.

ഇതിന്റെ അടിസ്ഥാനത്തിലും തർബിയ്യത്തു വകുപ്പ് പ്രവർത്തനനിരതമാകേണ്ടതുണ്ട്. ജൽസയിൽ പങ്കെടുക്കാൻ വരുന്നവർക്ക് അതിന്റെ പ്രാധാന്യത്തെ കുറിച്ച് ഇടയ്ക്കിടെ പറഞ്ഞുകൊടുത്തുകൊണ്ടിരിക്കേണ്ടതാണ്. ഉദ്യോഗസ്ഥർ തങ്ങളെ സേവനത്തിന് സമർപിക്കുമ്പോൾ നിസ്വാർഥതയോടെ ജോലിചെയ്യേണ്ടത് അവരുടെ നിർബന്ധ കടമയാണ്. അല്ലാഹുവിന്റെ കൃപാകടാക്ഷത്താൽ പ്രവർത്തകർ പൊതുവെ ഞാൻ പറഞ്ഞതുപോലെ ഈ വികാരത്തോടെ പ്രവർത്തിക്കുന്നവരാണ്. പക്ഷേ. ചിലർ തെറ്റായ രീതിയും കാണിക്കാറുണ്ട്. അവർ എല്ലാ അവസ്ഥയിലും ഞാൻ മുമ്പേയും പറഞ്ഞതുപോലെ 'സൽസ്വഭാവത്തിന്റെ പ്രകടനം കാഴ്ച വെക്കണം' എന്നുള്ള നബി(സ)തിരുമേനിയുടെ ഉപദേശം എപ്പോഴും ഓർമവെക്കേണ്ടതാണ്. ഇപ്രകാരംതന്നെ പൊതുവെ എല്ലാ പ്രവർത്തകരും ജാഗരൂകരായി ഇരിക്കേണ്ടതാണ്.

സെക്യൂരിറ്റി എന്നത് വെറും സെക്യൂരിറ്റിക്കാരുടെ പണിയല്ല. ഓരോ വകുപ്പിന്റേയും ഓരോ പ്രവർത്തകനും തങ്ങളുടേതായ പരിസരത്ത് കണ്ണുവെക്കുന്നയാൾ ആയിരിക്കേണ്ടതാണ്.

ജൽസ കഴിഞ്ഞതിനുശേഷം വെറും വൈന്റപ്പിനുള്ള ഉദ്യോഗസ്ഥർമാത്രം അവിടെ ഉണ്ടായാൽ പോര. മറിച്ച് ഡ്യൂട്ടിയിലുള്ളവരെല്ലാം അതു കഴിയുന്നതുവരെ ജൽസനഗരിയിൽ ഉണ്ടാകേണ്ടതാണ്. ഏതെങ്കിലും ഒരു അതിഥി അവിടെ അവിശേഷിക്കുന്നതുവരെ, അല്ലെങ്കിൽ അവരുടെ ഓഫീസർ പൊയ്ക്കൊള്ളാൻ പറയുന്നതുവരെ അവിടെ ഉണ്ടാകേണ്ടതാണ്.

അല്ലാഹു എല്ലാ ഓരോരുത്തർക്കും നല്ല രീതിയിൽ തങ്ങളുടെ കടമകൾ നിറവേറ്റാൻ തൗഫീഖ് കിട്ടുന്നതിന് പ്രധാനമായും ഉദ്യോഗസ്ഥരും പൊതുവെ എല്ലാ ജമാഅത്തംഗങ്ങളും ദുആ ചെയ്യേണ്ടതാണ്. ഇപ്പോൾ ജൽസാഗാഹിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന എല്ലാ പ്രവർത്തകരേയും അല്ലാഹു എല്ലാ വിധേനയും കാത്തുരക്ഷിക്കുമാറാകട്ടെ. ചിലപ്പോൾ വളരെ കനമുള്ള ജോലികൾ ചെയ്യേണ്ടിവരുന്നു. ചിലപ്പോൾ പരിക്കുകളുണ്ടാകാനും സാധ്യതയുണ്ട്. അല്ലാഹു എല്ലാവിധത്തിലും എല്ലാവരേയും സുരക്ഷിതമായി വെക്കുമാറാകട്ടെ.

അല്ലാഹു ജൽസയെ എല്ലാവിധത്തിലും അനുഗൃഹീതവും വിജയകരവുമാക്കുമാറാകട്ടെ. ഏതു വിധത്തിലുള്ള എതിരാളിയുടേയും ദുഷ്പ്രകൃതക്കാരന്റേയും ദ്രോഹങ്ങളിൽനിന്ന് അല്ലാഹു ജമാഅത്തിനെ എല്ലാ വിധത്തിലും കാത്തുരക്ഷിക്കുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജൽസയിൽ പങ്കെടുക്കാൻ വരുന്ന അതിഥികൾക്ക് നല്ല നിലയിലും സന്തോഷത്തോടുകൂടിയും സേവനം ചെയ്തുകൊണ്ടിരിക്കാനുള്ള തൗഫീഖ് എല്ലാ പ്രവർത്തകർക്കും അല്ലാഹു നല്കുമാറാകട്ടെ.

സേവനത്തിന്റെ ഉന്നതമായ നിലവാരം കരസ്ഥമാക്കിയിട്ടുള്ള ഉദ്യോഗസ്ഥർ, ഏതൊരു നിലവാരത്തിലാണോ അവർ എത്തിയിട്ടുള്ളത്, അതിനെക്കാൾ ഉന്നത നിലവാരം ഓരോ പ്രാവശ്യവും സമർപ്പിക്കുന്നവരാകട്ടെ. ഇപ്രാവശ്യവും മുമ്പത്തെക്കാൾ നല്ല നിലയിൽ സേവനം ചെയ്യുന്നവരാകട്ടെ. ഇതിൽ ഒരിക്കലും കുറവുവരാൻ പാടില്ല. നമ്മുടെ ഓരോ ചുവടും മുന്നോട്ടു ഗമിക്കുന്നതാവേണ്ടതാണ്. അത്തരം സേവനമുണ്ടാകുമ്പോൾ അല്ലാഹു പിന്നീട് സ്നേഹദൃഷ്ടി പതിപ്പിക്കുന്നതാണ്. അല്ലാഹു എല്ലാവർക്കും അതിന് തൗഫീഖ് നല്കുമാറാകട്ടെ.

◆

# റമളാൻമാസത്തിൽ നൂറുശതമാനവും ചന്ദ തഹ്‌രീക്കെ ജദീദ് അടച്ചു തീർത്തവർക്കുവേണ്ടിയുള്ള അമീറുൽമുഅ്മിനീന്റെ ദയാപരമായ പ്രാർഥനകൾ

ഓരോ വർഷത്തേയുംപോലെ ഈ വർഷവും ഓഫീസിൽനിന്ന് റമളാൻ 29 നുമുമ്പേ നൂറുശതമാനവും ചന്ദ തഹ്‌രീക്കെ ജദീദ് അടച്ചു തീർത്ത ജമാഅത്തിലെ ആത്മാർഥരായവരുടെ ലിസ്റ്റ് സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ തിരുസന്നിധിയിൽ സമർപിക്കപ്പെട്ടിരുന്നു. അതു വായിച്ചതിനുശേഷം അമീറുൽമുഅ്മിനീൻ ജമാഅത്തിലെ ആത്മാർഥരായവർക്കുവേണ്ടി ദുആകൾ നല്കി അനുഗ്രഹിച്ചു. അമീറുൽമുഅ്മിനീൻ തന്റെ കത്തിൽ പറഞ്ഞു:

"അല്ലാഹു ഈ എല്ലാ ജമാഅത്തംഗങ്ങളുടേ യും വീടുകൾ തന്റെ കൃപാകടാക്ഷവും കാരുണ്യവും കൊണ്ട് നിറയ്ക്കുമാറാകട്ടെ. ധനങ്ങളിലും ആയുസ്സുകളിലും അതിരറ്റ അനുഗ്രഹം പ്രദാനം ചെയ്യുമാറാകട്ടെ. ഭാവിയിലും ത്യാഗങ്ങളുടെ ഉന്നത നിലവാരം സ്ഥാപിക്കാൻ സൗഭാഗ്യം നല്കുമാറാകട്ടെ. അല്ലാഹു നിങ്ങളെല്ലാവരേയും എപ്പോഴും സ്വിറാത്തെ മുസ്തഖീമിൽ നടത്തുമാറാകട്ടെ. തന്റെ പ്രിയപ്പെട്ടവരുടെ സാമീപ്യം നല്കുമാറാകട്ടെ. ദീനിന്റേയും ദുൻയാവിന്റേയും നന്മകളുടെ അനന്തരാവകാശികളാക്കുമാറാകട്ടെ. ആമീൻ"

അല്ലാഹു അമീറുൽമുഅ്മിനീന്റെ ദുആകൾ നമുക്കുവേണ്ടി സ്വീകരിക്കുമാറാകട്ടെ. നമുക്ക് ആത്മാർഥതയോടും കൂറോടുംകൂടി കൂടുതൽ കൂടുതൽ ത്യാഗങ്ങൾ ചെയ്യാൻ തൗഫീഖ് നല്കിക്കൊണ്ടിരിക്കുമാറാകട്ടെ. ആമീൻ

(വക്കീലുൽമാൽ തഹ്‌രീക്കെ ജദീദ്)

# ഭർത്താവിന്റെ നന്മയും തിന്മയും ഭാര്യയെ സ്വാധീനിക്കുന്നു

## ഹദ്റത്ത് ഇമാംമഹ്ദി(അ)

“ഭർത്താവ് ഭക്തനല്ലെങ്കിൽ ഭാര്യ എങ്ങനെ ഭക്തയാകാനാണ്. ഭർത്താവ് സ്വാലിഹ് ആകുകയാണെങ്കിൽ ഭാര്യയും സ്വാലിഹ ആയിത്തീരാവുന്നതാണ്. വാക്കുകൾകൊണ്ട് ഭാര്യമാർക്ക് ഉപദേശം നല്കാൻ പാടില്ല. മറിച്ച് കർമംകൊണ്ട് ഉപദേശം നല്കുകയാണെങ്കിൽ അത് സ്വാധീനം ചെലുത്തുന്നതാണ്. ഭാര്യമാർ അവിടെ നില്ക്കട്ടെ, വേറെ ആരെങ്കിലും വെറും വാക്കുകൊണ്ടുള്ള ഉപദേശങ്ങൾ സ്വീകരിക്കുമോ?

ഭർത്താവ് എന്തെങ്കിലും വക്രതയോ കുറവോ ഉള്ള ആളാണെങ്കിൽ ഭാര്യ എപ്പോഴും അതിന് സാക്ഷിയായിരിക്കും. ഭർത്താവ് കൈക്കൂലി വാങ്ങി വീട്ടിൽ വന്നാൽ അയാളുടെ ഭാര്യ പറയും, ഭർത്താവ് കൊണ്ടുവന്ന സ്ഥിതിക്ക് ഞാനെന്തിന് അതിനെ ഹറാമെന്ന് പറയണം. ചുരുക്കത്തിൽ ഭർത്താവിന്റെ സ്വാധീനം ഭാര്യയുടെമേൽ തീർച്ചയായും ഉണ്ടാകുന്നു. അവൻ സ്വയമാണ് അവളെ ഖബീഥും തയ്യിബുമാക്കുന്നത്; ചീത്തയും ശുദ്ധയുമാക്കുന്നത്. അതുകൊണ്ടാണ് എഴുതിയിട്ടുള്ളത്, *അൽഖബീഥാത്തു ലിൽ ഖബീഥീന വൽഖബീഥൂന ലിൽഖബീഥാത്തി വത്ത്വയ്യിബാത്തു ലിത്ത്വയ്യിബീന വത്ത്വയ്യിബീന ലിത്ത്വയ്യിബാത്ത്* ചീത്തക്കാര്യങ്ങൾ ചീത്തയാളുകൾക്കുള്ളതാണ്. ചീത്തയാളുകൾ ചീത്തക്കാര്യങ്ങൾക്കുമുള്ളവരാണ്. നല്ല കാര്യങ്ങൾ നല്ലയാളുകൾക്കുള്ളതാണ്. നല്ലയാളുകൾ നല്ല കാര്യങ്ങൾക്കുമുള്ളവരാണ്. (24:27)

ഇതിലുള്ള ഉപദേശം നിങ്ങൾ നല്ലവരാകാതെ ആയിരംവട്ടം തലകുത്തിമറിഞ്ഞാലും ഒന്നും ആകുകയില്ല എന്നാണ്. അല്ലാഹുവിനെ സ്വയം ഭയപ്പെടാത്തവനെ ഭാര്യ എങ്ങനെ ഭയപ്പെടാനാണ്? അത്തരം മൗലവിമാരുടേയും ഭർത്താക്കന്മാരുടേയും ഉപദേശം ഒരു സ്വാധീനവും ചെലുത്തുകയില്ല. ഏതവസ്ഥയിലും കർമപരമായ മാതൃകയാണ് സ്വാധീനമുണ്ടാക്കുന്നത്. ഭർത്താവ് രാത്രിയിൽ എഴുന്നേറ്റ് ദുആ ചെയ്യുകയും നിലവിളിക്കുകയും ചെയ്യുമ്പോൾ ഭാര്യ ഒന്നു രണ്ടു ദിവസത്തിനുള്ളിൽ കാണുകയും അവസാനം ഒരു ദിവസം അവൾക്കും ആ വിചാരമുണ്ടാകുകയും സ്വാധീനിക്കപ്പെടുകയും ചെയ്യുന്നതാണ്. സ്ത്രീയിൽ ആകർഷിക്കപ്പെടുക എന്ന ധാതു ധാരാളമുണ്ട്. ഇക്കാരണത്താലാണ് ഭർത്താവ് ക്രിസ്ത്യാനി തുടങ്ങിയവരാകുമ്പോൾ ഭാര്യയും അവരോടൊപ്പം ക്രിസ്ത്യാനി തുടങ്ങിയവരാകുന്നത്. ഭർത്താവിന്റെ കർമപരമായ മാതൃക മതിയാകുന്നതുപോലെ അവരെ നന്നാക്കാൻ ഒരു മദ്രസയും മതിയാകുകയില്ല. ഭർത്താവിന്നെതിരിൽ ഭാര്യയുടെ സഹോദരൻ സഹോദരി തുടങ്ങിയവരുടെ സ്വാധീനവും അവളിൽ ഒന്നും ഉണ്ടാക്കുകയില്ല.

അല്ലാഹു ഭാര്യയേയും ഭർത്താവിനേയും ഒരൊറ്റ ആത്മാവായിട്ടാണ് പറഞ്ഞിട്ടുള്ളത്. (മിന്നഫ്സിൻ വാഹിദ.വിവ:). ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാർക്ക് അവരുടെ പോരായ്മകൾ പിടിച്ചെടുക്കാൻ അവസരം നല്കുന്നുവെന്നത് ഭർത്താക്കന്മാരുടെ ളുൽമ് അഥവാ അക്രമമാണ്. നീ ഇന്ന തിന്മ ചെയ്യുന്നുവെന്ന് പറയാനുള്ള അത്തരം അവസരം അവർ ഭാര്യമാർക്ക് കൊടുക്കാതിരിക്കേണ്ടതാണ്. മറിച്ച് ദോഷങ്ങൾ ചികഞ്ഞെടുക്കുന്നതിന് ഭാര്യമാർ എത്ര പരിശ്രമിച്ചാലും ഒരു ദോഷത്തെ കുറിച്ചും അവൾക്ക് ഒരു അറിവും ലഭിക്കരുത്. അങ്ങനെ അവൾ അതിൽ ക്ഷീണിതയാവണം. അപ്പോഴായിരിക്കും അവൾക്ക് ഭർത്താവിന്റെ ദീനീനിഷ്ഠയെക്കുറിച്ചുള്ള ചിന്ത ഉണ്ടാകുന്നത്. അങ്ങനെ അവളും ദീൻ മനസ്സിലാക്കുന്നു.

ഭർത്താവ് തന്റെ വീടിന്റെ ഇമാമാണ്. അവൻസ്വയം ദുസ്സ്വാധീനമുണ്ടാക്കുകയാണെങ്കിൽ എത്രയധികം ദുസ്സ്വാധീനമായിരിക്കും പതിയുക. ഭർത്താക്കന്മാർ തങ്ങളുടെ ശക്തികൾ സാഹചര്യത്തിനും അനുവദനീയമായ അവസരത്തിലും ഉപയോഗിക്കേണ്ടതാണ്. ഉദാഹരണത്തിന് ഒന്ന് കോപാശക്തിയാണ്. അത് അതിര് ലംഘിക്കുമ്പോൾ ഭ്രാന്തിന്റെ ആമുഖമായിമാറും. ഭ്രാന്തും അതുംതമ്മിൽ കുറഞ്ഞ വ്യത്യാസമേ ഉണ്ടാകുകയുള്ളു. ഏതൊരുവൻ കഠിനകോപിയാകുന്നുവോ അവനിൽനിന്ന് വിവേകജ്ഞാനം തട്ടിപ്പറിച്ചെടുക്കപ്പെടുന്നു. എതിരാളിയാണെങ്കിൽപ്പോലും അവനോടും കോപത്തോടെ സംസാരിക്കരുത്.

ഭർത്താവിന്റെ ഈ എല്ലാ കാര്യങ്ങളും ഗുണങ്ങളും ഭാര്യ നോക്കിക്കാണുന്നുണ്ട്. തന്റെ ഭർത്താവിൽ തഖ്‌വയുടെ ഇന്ന ഇന്ന ഗുണങ്ങളുണ്ടെന്ന് അവൾ കാണുന്നു. ഉദാഹരണത്തിന് ധർമനിഷ്ഠ, വിനയം, സഹിഷ്ണുത. ഇതെല്ലാം ഉരച്ചുനോക്കാൻ അവൾക്ക് അവസരം കിട്ടുന്നു. മറ്റുള്ളവർക്ക് അത് കിട്ടുകയില്ല. അതുകൊണ്ട് ഭാര്യയെ മോഷ്ടിക്കുന്നവൾ എന്നും(സാരിഖ്) പറഞ്ഞിട്ടുണ്ട്. കാരണം ഇവർ ഉള്ളിലേക്ക് സ്വഭാവഗുണങ്ങൾ മോഷ്ടിച്ചെടുത്തുകൊണ്ടിരിക്കുന്നു. അവസാനം ഒരു സമയത്ത് മുഴുവൻ സ്വഭാവഗുണങ്ങളും കരസ്ഥമാക്കുകയും ചെയ്യുന്നു. ഒരിക്കൽ ഒരാൾ ക്രിസ്ത്യാനിയായി. ഭാര്യയും അയാളോടൊപ്പം ക്രിസ്ത്യാനിയായി. ആദ്യം മദ്യം തുടങ്ങിയ ലഹരി പദാർഥം അവൾ ഉപയോഗിക്കാൻ തുടങ്ങി. പിന്നീട് പർദയും ഉപേക്ഷിച്ചു. അന്യരുമായി ഇടപഴകാനും തുടങ്ങി. ഭർത്താവ് പിന്നീട് പശ്ചാത്തപിച്ച് ഇസ്‌ലാമിലേക്ക് മടങ്ങി. അപ്പോൾ അയാൾ ഭാര്യയോടു പറഞ്ഞു, ‘നീയും എന്നോടൊപ്പം മുസ്‌ലിമാകുക.’ അവൾ പറഞ്ഞു, ‘ഇനി മുസ്‌ലിമാകുക എന്നത് പ്രയാസമാണ്. മദ്യത്തിന്റേയും മറ്റും ശീലം എനിക്കുണ്ടായത് ഇനി അകറ്റാൻ പറ്റുകയില്ല.”

(മൽഫൂദാത്ത് വാള്യം 5 പേജ് 207–209 1985 ലണ്ടൻ പതിപ്പ്)

# നന്മയുടെ ഫലം

അണുവോളമുള്ള പ്രവൃത്തികൾക്കും പ്രതിഫലം നല്കുന്നവനെയാണ് നമ്മൾ ആരാധിക്കേണ്ടത്.

മൂന്നാളുകൾ ഒരു മലയിൽ കുടുങ്ങിപ്പോയി. അവർ മലയുടെ ഗുഹയിൽ താമസിക്കാൻ വേണ്ടി കടന്നതായിരുന്നു. ഒരു പാറ വീണു. ഗുഹാമുഖം അടഞ്ഞു. ഇനി സൽക്കർമം മാത്രമേ തങ്ങൾക്ക് രക്ഷ നല്കുകയുള്ളുവെന്ന് അവർ പറഞ്ഞു. ഒരിക്കൽ ഞാൻ തൊഴിലാളികളെവെച്ച് പണിയെടുപ്പിച്ചിരുന്നു. കൂലി കൊടുക്കുമ്പോൾ ഒരു തൊഴിലാളി എവിടെയോ പൊയ്ക്കളഞ്ഞു. ഞാൻ അതുകൊണ്ട് ഒരു ആടിനെ വാങ്ങി വളർത്തി. കുറച്ചുവർഷംകൊണ്ട് വലിയ ആട്ടിൻ പറ്റമായി. അല്ലാഹുവേ നിനക്ക് എന്റെ ഈ സൽക്കർമം ഇഷ്ടമാണെങ്കിൽ എന്റെ പ്രയാസം അകറ്റിയാലും.

രണ്ടാത്തെയാളും താൻ ചെയ്ത നന്മ പറഞ്ഞു. അല്ലാഹുവേ നിനക്ക് എന്റെ ഈ സൽക്കർമം ഇഷ്ടമാണെങ്കിൽ എന്റെ പ്രയാസം അകറ്റിയാലും.

മൂന്നാമത്തെയാൾ പറഞ്ഞു, എന്റെ ഉമ്മ വൃദ്ധയായിരുന്നു. ഒരു രാത്രി അവർ വെള്ളം ചോദിച്ചു. വെള്ളവും കൊണ്ട് വന്നപ്പോൾ അവർ ഉറങ്ങിപ്പോയിരുന്നു. ബുദ്ധിമുട്ടുണ്ടാകേണ്ട എന്ന കരുതി ഞാൻ ഉമ്മയെ ഉണർത്തിയില്ല. വെള്ളവുമായി രാത്രിമുഴുവൻ നിന്നു. രാവിലെ ഉണർന്നപ്പോൾ നല്കി. അല്ലാഹുവേ നിനക്ക് എന്റെ ഈ സൽക്കർമം ഇഷ്ടമാണെങ്കിൽ എന്റെ പ്രയാസം അകറ്റിയാലും. അങ്ങനെ ആ പാറ നീങ്ങി. അവരെല്ലാവരും പുറത്തിറങ്ങി. അല്ലാഹു മൂന്നുപേരുടേയും നന്മയ്ക്ക് പ്രതിഫലം നല്കി. *(മൽഫൂദാത്ത് വാള്യം 6 പേജ് 26–27)*

## 2016 ഉപസംഘടനകളുടെ അഖിലേന്ത്യാ വാർഷിക ഇജ്തിമാകൾ

സയ്യിദുനാ അമീറുൽമുഅ്മിനീൻ(അയ്യദഹുല്ലാഹ്) ഖാദിയാൻ ദാറുൽഅമാനിൽ താഴെ പറയുന്ന തിയതികളിൽ ഉപസംഘടനകളുടെ ഇജ്തിമാകൾ സംഘടിപ്പിക്കാൻ അനുവാദം നല്കി അനുഗ്രഹിച്ചിരിക്കുന്നു. സഹോദരന്മാരും സഹോദരിമാരും ഈ ആത്മീയ ഇജ്തിമാകളിൽ പങ്കെടുക്കുന്നതിന് ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ നടത്തുക.

✠ ലജ്ന ഇമായില്ലാഹ്–നാസ്വിറാത്തുൽ അഹ്മദിയ്യാ ഇജ്തിമാ 2016 ഒക്ടോബർ 15, 16, 17 ശനി, ഞായർ, തിങ്കൾ ദിവസങ്ങളിൽ.

✠ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഇജ്തിമാ 2016 ഒക്ടോബർ 15, 16, 17 ശനി, ഞായർ, തിങ്കൾ ദിവസങ്ങളിൽ

✠ മജ്‌ലിസ് അൻസ്വാറുല്ലാ ഇജ്തിമാ 2016 ഒക്ടോബർ 18, 19, 20 ചൊവ്വ, ബുധൻ, വ്യാഴം ദിവസങ്ങളിൽ.




### ഇർശാദുന്നബ്‌വി(സ)

*“ഇദാ ജാഅക്കും കരീമു ഖൗമിൻ ഫ അക്രിമൂഹു”* ഏതെങ്കിലും ഒരു സമൂഹത്തിലെ ആദരണീയ വ്യക്തി നിങ്ങളുടെയടുക്കൽ വന്നാൽ അദ്ദേഹത്തെ ആദരിക്കുക. (നാല്പത് ഹദീഥുകൾ)

**ത്വാലിബെ ദുആ:**
**അബ്ദുർറഹീം ശംസുദ്ദീൻ പഴയങ്ങാടി.**

### ഇർശാദുന്നബ്‌വി(സ)

*“അഫ്ശുസ്സലാമ ബയ്നക്കും”*
പരസ്പരം സലാം പറയുന്നത് പ്രചരിപ്പിക്കുക.
(നാല്പത് ഹദീഥുകൾ)

**ത്വാലിബെ ദുആ:**
**പി.യൂസുഫ് & കുടുംബാംഗങ്ങൾ**
**മാത്തോട്ടം**

### ഇർശാദുന്നബ്‌വി(സ)

“അദ്ദുൻയാ സിജ്നുൻല്ലിൽ മുഅ്മിനി വ ജന്നത്തുൻല്ലിൽ കാഫിരി” ലോകം വിശ്വാസിക്ക് കാരാഗ്രഹവും അവിശ്വാസിക്ക് സ്വർഗവുമാണ്.
(നാല്പത് ഹദീഥുകൾ)

**ത്വാലിബെ ദുആ:**
**കെ.ടി.മഹ്മൂദ്, കൊടിയത്തൂർ.**

# ഹദ്റത്ത് ഫാത്വിമത്തുസ്സഹ്റാ(റ)

(കഴിഞ്ഞ ലക്കത്തിൽ നിന്ന്)

**ഹദ്റത്ത് ഫാത്വിമക്ക് മറ്റു സഹോദരിമാരിൽ നിന്നുള്ള ശ്രേഷ്ഠത:**

ഹദ്റത്ത് ഫാത്വിമയ്ക്ക് തന്റെ മൂത്ത സഹോദരിമാരായ ഹദ്റത്ത് സയ്നബ്, ഹദ്റത്ത് റുഖിയ്യ, ഹദ്റത്ത് ഉമ്മുകുൽഥൂം എന്നിവരിൽനിന്ന് പല കാര്യത്തിലും ശ്രേഷ്ഠതയുണ്ട്. ഇക്കാരണത്താലാണ് ആ മൂന്നുപേരേയും കുറിച്ച് പൊതുവെ മുസ്ലീംകൾക്ക് അധികമൊന്നും അറിയാത്തത്. ഏതു കാര്യങ്ങളിലാണ് ശ്രേഷ്ഠത:-

1. നബി(സ)തിരുമേനിക്കു 7 മക്കളുണ്ടായിരുന്നു. പക്ഷേ, നബിയുടെ കുടുംബപരമ്പര നിലനിന്നത് ഫാത്വിമയിലൂടെയാണ്.

2. ഹദ്റത്ത് ഫാത്വിമയുടെ ജീവിതത്തിലെ ഒട്ടനവധി സംഭവങ്ങൾ അവരുടെ ഭർത്താവ് ഹദ്റത്ത് അലിയുടെ പേരുമായി ചേർത്തിട്ടാണ് പറഞ്ഞുവന്നിട്ടുള്ളത്. ഹദ്റത്ത് സയ്നബിന്റെ ഭർത്താവ് മക്കയിൽത്തന്നെ താമസിച്ചു. ഹദ്റത്ത് സയ്നബാണെങ്കിൽ ആദ്യമേതന്നെ മക്കയിൽനിന്ന് ഹിജറ പോയിരുന്നു. എന്നാൽ, അവരുടെ ഭർത്താവ് 4 വർഷത്തിനു ശേഷമാണ് മദീനയിലെത്തിയത്. അപ്പോഴാണ് ഇസ്ലാം സ്വീകരിച്ചത്. അദ്ദേഹം മദീനയിലെത്തി രണ്ടു വർഷം കഴിഞ്ഞപ്പോൾ ഹദ്റത്ത് സയ്നബ് വഫാത്താകുകയും ചെയ്തു. അതിനു ശേഷമുള്ള ഭർത്താവിന്റെ ജീവിതത്തെക്കുറിച്ച് അറിവൊന്നുമില്ല. 3. ഹദ്റത്ത് ഫാത്വിമയുടെ ഭർത്താവ് ഹദ്റത്ത് അലി(റ), നബി(സ)തിരുമേനിയുടെ മൂത്താപ്പായുടെ മകനായിരുന്നു. നബിയുടെ വീട്ടിൽത്തന്നെയാണ് വളർന്നതും. ഈ രണ്ടു വശത്തുമുള്ള ബന്ധം കാരണത്താൽ നബി(സ)യോട് പ്രത്യേക സ്നേഹമുണ്ടായിരുന്നു. അതുകൊണ്ടാണ് നബി(സ)മിക്കപ്പോഴും ഒരു കൂസലും കൂടാതെ ഹദ്റത്ത് ഫാത്വിമയുടെ വീട്ടിൽ പോയിരുന്നത്. 4. മറ്റുമരുമക്കളെപ്പോലെ ഹദ്റത്ത് അലി(റ)യുടെ സാമ്പത്തിക നില മെച്ചപ്പെട്ടതായിരുന്നില്ല. 'ഞെരുക്കത്തോടെയാണ് ജീവിച്ചുപോന്നത്. ഹദ്റത്ത് ഫാത്വിമ(റ)യ്ക്ക് മറ്റു സഹോദരിമാരെ അപേക്ഷിച്ച് മതവിജ്ഞാനം കൂടുതലായിരുന്നു. മറ്റുള്ളവരെ അപേക്ഷിച്ച് കൂടുതൽ സമർഥയും ബുദ്ധിമതിയുമായിരുന്നു. കവിതകൾ രചിക്കാറുണ്ടായിരുന്നു. നബി(സ) തിരുമേനി വഫാത്തായപ്പോൾ വിലാപഗാനമെഴുതി. ഹൃദയസ്പൃക്കായ ആ വരികൾ കേട്ട് ആളുകൾ വിങ്ങിപ്പൊട്ടുമായിരുന്നു. വ്യക്തിപരമായ സവിശേഷതയും ഹദ്റത്ത് ഫാത്വിമയുടെ പ്രസിദ്ധിക്കു കാരണമായി.

5. നബി(സ)യുടെ അതിരറ്റ സ്നേഹമായിരുന്നു ഫാത്വിമയെ കൂടുതൽ പ്രസിദ്ധയാക്കി തീർത്തത്. മൂന്നുകുട്ടികൾ ഒന്നിനു പിറകെ ഒന്നായി മരിച്ചപ്പോൾ നബി(സ)തിരുമേനിയുടെ ഒരേയൊരു കുട്ടി, ഏറ്റവും ചെറിയകുട്ടി ഫാത്വിമ മാത്രമായിരുന്നു ബാക്കിയായത്. അതുകൊണ്ട് സ്നേഹം മുഴുവൻ ഫാത്വിമയിൽ കേന്ദ്രീകരിച്ചു. സ്വാഭാവികമായും ഏറ്റവും ചെറിയ കുട്ടിയോട് സ്നേഹം കൂടുമല്ലോ? ഇവിടെയാണെങ്കിൽ ഫാത്വിമ മാത്രമേ ഉള്ളുതാനും. ഹദ്റത്ത് ഫാത്വിമയ്ക്കും ഹദ്റത്ത് നബി(സ)തിരുമേനിയോട് അതിരറ്റ സ്നേഹമുണ്ടായിരുന്നു. അങ്ങേയറ്റം അനുസരണശീലയായിരുന്നു. അല്ലാഹുവിന്റെ തൃപ്തിയും സന്തോഷവുമൊന്നു മാത്രമായിരുന്നു എപ്പോഴും മുന്നിൽ. ഹദ്റത്ത് ഫാത്വിമയുടെ ഉന്നതമായ സ്വഭാവഗുണങ്ങളുടേയും ഉദാത്തമായ കർമങ്ങളുടേയും മാതൃക ലോക ചരിത്രത്തിൽ എങ്ങും ലഭിക്കുകയില്ല. ഉന്നതമായ ഈ സ്വഭാവം കാരണത്താൽ നബി(സ)തിരുമേനിയുടെ ഹൃദയത്തിൽ ഫാത്വിമയോടുള്ള സ്നേഹം കൂടുതൽ ആഴ്ന്നിറങ്ങി.

**ഹദ്റത്ത് ഫാത്വിമയുടെ മക്കൾ:**

ഹദ്റത്ത് ഫാത്വിമയ്ക്ക് 5 കുട്ടികളുണ്ടായിരുന്നു. 3 ആണും 2 പെണ്ണും. ഹദ്റത്ത് ഹസൻ, ഹദ്റത്ത് ഹുസയ്ൻ, ഹദ്റത്ത് മുഹ്സിൻ, ഹദ്റത്ത് സയ്നബ് ഹദ്റത്ത് ഉമ്മുകുൽഥൂം(റദിയല്ലാഹുഅൻഹും). മുഹ്സിൻ ചെറുപ്രായത്തിൽ മരണപ്പെട്ടു. മറ്റു നാലു കുട്ടികളും പ്രധാന സംഭവങ്ങളുടെ അടിസ്ഥാനത്തിൽ സുപ്രസിദ്ധരായിത്തീർന്നു. ഇവരിൽ ഏറ്റവും മൂത്തത് ഹദ്റത്ത് ഹസൻ(റ)ആയിരുന്നു. ഹിജറ 3-ാം വർഷമാണ് അദ്ദേഹം ജനിച്ചത്. നബി(സ) തന്നെയായിരുന്നു രണ്ടു ദൗഹിത്രന്മാർക്കും പേരിട്ടത്. രണ്ടു പേരോടും നബി(സ)തിരുമേനിക്കു അതിരറ്റ സ്നേഹമായിരുന്നു. തന്റെ സ്വന്തം മക്കളാണെന്ന് നബി(സ) പറയാറുണ്ടായിരുന്നു. നബി(സ) സുജൂദിലായിരിക്കുമ്പോൾ ഹസനും ഹുസയ്നും പുറത്തു കയറി ഇരിക്കുമായിരുന്നു. ഒരിക്കൽ ആരോ അതു കണ്ടിട്ട് പറഞ്ഞു: 'എത്ര നല്ല യാത്രാവാഹനമാണിത്.' ഇതു കേട്ടുടനെ നബി(സ)പറഞ്ഞു: 'യാത്രക്കാരും മോശക്കാരല്ല.' പെൺകുട്ടികളിൽ ഹദ്റത്ത് സയ്നബ് വിഖ്യാതയായിരുന്നു. കർബല സംഭവത്തിനു ശേഷമുണ്ടായ എല്ലാ ബുദ്ധിമുട്ടുകളേയും ഹദ്റത്ത് സയ്നബ്(റ) തന്റേടത്തോടും ധൈര്യത്തോടുംകൂടി നേരിട്ടു. ഹദ്റത്ത് ഹുസയ്ന്റെ മകനായ ഇമാം സയ്നുൽആബ്ദീനെ(റഹ്) കർബല മൈതാനത്തും, പിന്നെ കൂഫയിലും അവസാനം ഡമാസ്കസിലുംവെച്ച് വധിക്കപ്പെടുന്നതിൽനിന്ന് രക്ഷിച്ചത് ഹദ്റത്ത് സയ്നബായിരുന്നു.

ഹദ്റത്ത് ഫാത്വിമ(റ) തന്റെ മക്കളെ നല്ല ശിക്ഷണം നല്കി വളർത്തി. അല്ലാഹുവിനേയും റസൂലിനേയും അനുസരിക്കേണ്ടത് എങ്ങനെയെന്ന് പഠിപ്പിച്ചു. സത്യത്തിന്റേയും സത്യസന്ധതയുടേയും കോന്തല എപ്പോഴും താങ്ങിപിടിക്കേണ്ടതെങ്ങനെയെന്ന് ഹദ്റത്ത് ഇമാം ഹുസയ്ൻ(റ)പഠിച്ചത് ആ മടിത്തട്ടിൽനിന്നായിരുന്നു. ഒരു ദിവസം നബി(സ)തിരുമേനി ഹസനേയും ഹുസയ്നേയും തന്റെ തുടയിലിരുത്തി. അവർ രണ്ടുപേരും നബി(സ)യെ കെട്ടിപ്പിടിച്ചിരുന്നു. നബി(സ)രണ്ടു പേരേയും നെഞ്ചോടു ചേർക്കുകയും ഇങ്ങനെ പ്രാർഥിക്കുകയും ചെയ്തു: 'അല്ലാഹുവേ! ഞാൻ ഇവരെ സ്നേഹിക്കുന്നു, നീയും ഇവരെ സ്നേഹിച്ചാലും. ഇവരെ സ്നേഹിക്കുന്ന വ്യക്തിയേയും സ്നേഹിച്ചാലും.' ഒരു ദിവസം പറഞ്ഞു: 'ഞാൻ ഹുസയ്നിൽ നിന്നാണ്, ഹുസയ്ൻ എന്നിൽ നിന്നാണ്.' ഇമാം ഹസൻ(റ) ജനിച്ചപ്പോൾ ആ സന്തോഷത്തിൽ ഹദ്റത്ത് ഫാത്വിമ(റ) ആഘോഷ പരിപാടി സംഘടിപ്പിച്ചു. എന്നാൽ, നബി(സ)പറഞ്ഞു: 'മകളേ! അവന്റെ മുടികളയുക. ആ മുടിയുടെ തൂക്കം വെള്ളി ദരിദ്രരിലും അശരണരിലും വിതരണം ചെയ്യുക. അതു മതി.' ഹദ്റത്ത് ഹുസയ്ൻ(റ) ജനിച്ചപ്പോഴും അങ്ങനെതന്നെ ചെയ്തു. ഹദ്റത്ത് ഹസൻ(റ)ഹിജറ 3-ാം വർഷവും ഹദ്റത്ത് ഹുസയ്ൻ(റ)ഹിജറ 4-ാം വർഷവുമാണ് ജനിച്ചത്. നബി(സ)ചെവിയിൽ ബാങ്കു കൊടുത്തു, തുപ്പൽ തൊട്ടു കൊടുത്തു. ഹദ്റത്ത് ഹസനും(റ) ഹദ്റത്ത് ഹുസയ്നും(റ) നബി(സ)യോടു ഏറെ സാദൃശ്യമുള്ളവരായിരുന്നു. ഹദ്റത്ത് ഹുസയ്ൻ(റ) തലമുതൽ കാലുവരെ നബി(സ)തന്നെയായിരുന്നു. നബി(സ)പറഞ്ഞു: 'ഈ ചെറുപ്പക്കാർ സ്വർഗത്തിലെ നേതാക്കന്മാരാണ്.' ഹദ്റത്ത് ഫാത്വിമയുടെ വീട്ടിൽ പോകുമ്പോഴെല്ലാം പറയും: 'എന്റെ കുട്ടികൾ, എന്റെ മകളുടെ കുട്ടികൾ.' അവരുടെ കരച്ചിൽ നബി(സ) തിരുമേനിക്ക് അസഹ്യമായിരുന്നു. ചുരുക്കം പറഞ്ഞാൽ, നബി(സ)തിരുമേനിക്ക് ഹദ്റത്ത് ഫാത്വിമയോടും(റ)ഹദ്റത്ത് അലിയോടും(റ) അവരുടെ കുട്ടികളായ ഹദ്റത്ത് ഹസനോടും(റ) ഹദ്റത്ത് ഹുസയ്നോടും(റ) അതിരറ്റ സ്നേഹമായിരുന്നു.

(ലജ്ന ഇമായില്ലാഹ് പാക്കിസ്താൻ പ്രസിദ്ധീകരിച്ച ഹദ്റത്ത് ഫാത്വിമത്തുസ്സഹ്റാ റദിയല്ലാഹുഅൻഹാ ബിൻത് റസൂൽ സ്വല്ലല്ലാഹു അലയ്ഹിവസല്ലം എന്ന ലഘുലേഖയോടു കടപ്പാട്)

## ന്യൂക്ലിയർ റേഡിയേഷനും പ്രതിരോധ ഹോമിയോ മരുന്നും

ബഹുമാന്യ റാണാ സഈദ് സാഹിബ്

അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറകാത്തുഹൂ

താങ്കളുടെ കത്തു കിട്ടി. അതിൽ താങ്കൾ റേഡിയേഷന്റെ ദോഷഫലങ്ങളിൽനിന്ന് രക്ഷപ്പെടേണ്ടതിനുള്ള ഹോമിയോപ്പതി മരുന്നുകളെക്കുറിച്ച് ചോദിച്ചിരിക്കുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാ ബിഅ് റഹ്മഹുല്ലാഹ് പാക്കിസ്താന്റെ ആറ്റമീ പരീക്ഷണത്തിന്റെ അവസരത്തിൽ പാക്കിസ്താനി ലെ അഹ്മദികൾക്ക് മരുന്നുകൾ കൊടുത്തിരുന്നു. ഞാൻ തന്നെയും അതുപയോഗിച്ചിരുന്നു. എന്റെ ഭാര്യയും മക്കളും ഉത് ഉപയോഗിച്ചിരുന്നു. ആ മരുന്നുകളുടെ വിശദവിവരമാണ് താഴെ ചേർക്കുന്നത്.

ഹുവശ്ശാഫീ

| | |
|---|---|
| ആദ്യത്തെ ആഴ്ച | Carcinosin CM |
| രണ്ടാമത്തെ ആഴ്ച | Radium Bromide CM |
| മൂന്നാമത്തെ ആഴ്ച | Carcinosin CM |
| നാലാമത്തെ ആഴ്ച | Radium Bromide CM |

12 വയസ്സിന് താഴെ പ്രായമുള്ളവർക്ക് മുകളിൽ പറഞ്ഞ പ്രകാരംതന്നെ 1M -ൽ കൊടുക്കുക. അല്ലാഹു എല്ലാ അഹ്മദികളേയും തന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ. ആമീൻ

വസ്സലാം

ഖലീഫത്തുൽ മസീഹ് അൽഖാമിസ്

കോപ്പി: PS ഓഫീസ് ലണ്ടൻ

## തോട്ടക്കാരന്റെ(Gardener)ഒഴിവ്

സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാനിൽ തോട്ടാലങ്കാര വകുപ്പിൽ തോട്ടക്കാരന്റെ ഒഴിവ് നികത്താൻ ആഗ്രഹിക്കുന്നു. സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായിൽ തോട്ടക്കാരന്റെ ഗ്രേഡിൽ(നാലാം ദർജ)സേവനം ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് താഴെ പറയുന്ന നിബന്ധനപ്രകാരം അപേക്ഷിക്കാവുന്നതാണ്.

1. ഉദ്യോഗാർഥിക്ക് വിദ്യാഭ്യാസം ബാധകമല്ല. 2. ഉദ്യോഗാർഥി 25 വയസ്സിനു താഴെ പ്രായമുള്ള ആളായിരിക്കണം. ജനന സർട്ടിഫിക്കേറ്റ് ഹാജരാക്കേണ്ടത് നിർബന്ധമാണ്. 3. കേന്ദ്ര കമ്മിറ്റി നടത്തുന്ന ഇന്റർവ്യൂവിൽ വിജയിക്കുന്നവരെയായിരിക്കും തിരഞ്ഞെടുക്കുക. 4. ഖാദിയാനിലെ നൂറ് ആശുപത്രിയുടെ മെഡിക്കൽ ബോർഡിന്റെ റിപ്പോർട്ടനുസരിച്ച് ജോലിക്ക് പ്രാപ്തരായവരെയാണ് തിരഞ്ഞെടുക്കുക. 5. ഇതു സംബന്ധമായി ഖാദിയാനിൽ വരാനുള്ള ചെലവുകൾ ഉദ്യോഗാർഥി സ്വയം വഹിക്കേണ്ടതാണ്. 6. തിരഞ്ഞെടുക്കപ്പെട്ടാൽ ഖാദിയാനിലെ താമസസൗകര്യം സ്വയം ചെയ്യേണ്ടതാണ്. 7. നല്ലാറത്തെ ദീവാൻ സദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാനിൽനിന്ന് നിശ്ചിത അപേക്ഷ ഫോറം വാങ്ങാവുന്നതാണ്. ഈ വിളംബരത്തിന് രണ്ടുമാസത്തിനുള്ളിൽ വരുന്ന അപേക്ഷകളായിരിക്കും പരിഗണിക്കുക.(നാളിരീൻ ദീവാൻ സദ്ർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാൻ)

കൂടുതൽ വിവരത്തിന് ബന്ധപ്പെടുക:
ഓഫീസ് ഫോൺ: 01872- 501130
മൊബൈൽ: 09815 4337 60
e.mail: nazaratdiwanqdn@gmail.com

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

Vol-1 Thursday 8 September Issue-27

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

**വിശുദ്ധ ഖുർആനിൽ പ്രധാനപ്പെട്ട ഒരു ഇസ്‌ലാമികനിയമം വിവരിക്കപ്പെട്ടിരിക്കുന്നു: 'സത്യവിശ്വാസികൾ തങ്ങളുടെ അമാനത്തുകളേയും കരാറുകളേയും പാലിക്കുന്നവരാണ്.എന്റെ നോട്ടത്തിൽ ഈ നിയമം വെറും മുസ്‌ലീംകൾക്കുള്ളതല്ല. മറിച്ച് എല്ലാ രാജ്യങ്ങൾക്കും ജനതകൾക്കുമുള്ള ഒരു ആഗോള നിയമമാണ്. അമാനത്തുകൾ എല്ലാ ഭരണകൂടങ്ങളേയും ആഗോളസ്ഥാപനങ്ങളേയും ഏല്പിച്ചിട്ടുണ്ട്. വിശ്വസ്തതയിലും സത്യസന്ധതയിലും നീതിയിലും നിലനിന്നുകൊണ്ട് ആ അമാനത്തുകൾ നിറവേറ്റുക എന്നത് അവരുടെ നേതാക്കളുടെ നിർബന്ധ കടമയാണ്.**

**മുസ്‌ലീംകൾ തങ്ങളുടെ ഗ്രന്ഥത്തിന്റെ യഥാർഥ അധ്യാപനമനുസരിച്ച് പ്രവർത്തിച്ചിരുന്നുവെങ്കിൽ അവരുടെ രാജ്യത്ത് ഒരു ആഭ്യന്തര കലഹമോ ഏറ്റുമുട്ടലോ ഉണ്ടാകുമായിരുന്നില്ല. നമ്മൾ ഇസ്‌ലാമിന്റെ യഥാർഥ ചിത്രം കാണാനാഗ്രഹിക്കുന്നെങ്കിൽ നബി(സ)തിരുമേനിയുടേയും അവിടത്തെ ഖുലഫാഉർറാശിദീംകളുടേയും കാലഘട്ടങ്ങളെ നോക്കേണ്ടിവരും. അവർ സ്ഥാപിച്ചിട്ടുള്ള ഉന്നതമായ മാതൃകകൾ വിളിച്ചോതുന്നത് ഇസ്‌ലാം ശാന്തിക്കും നീതിക്കും വേണ്ടിയുള്ള ഒരു കൈത്തിരിയാണെന്നാണ്. അത് ആഗോള മത സ്വാതന്ത്ര്യത്തിനും pluralism ത്തിനും ജാമ്യം നല്കുന്നു.**

## സ്വീഡന്റെ തലസ്ഥാനമായ സ്റ്റോക്ഹോമിൽ 2016 മെയ് 17 ന് സംഘടിപ്പിച്ച ഒരു സ്വാഗതപരിപാടിയിൽ അമീറുൽമുഅ്മിനീന്റെ ഉജ്വല പ്രഭാഷണം.

(ഭാഗം 3)

അമീറുൽമുഅ്മിനീൻ പറഞ്ഞു: ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ ഏതാനും ചില ഉദാഹരണങ്ങളാണ് ഞാൻ പറഞ്ഞത്. അതിൽനിന്ന് നിങ്ങൾ മാധ്യങ്ങളിൽ വായിച്ചതോ കേട്ടതോ അല്ല ഇസ്‌ലാമെന്ന് സ്ഥാപിതമാകുന്നുണ്ട്. വിശുദ്ധ ഖുർആൻ നഊദുബില്ലാഹ് ഭീകരവാദമോ ഉഗ്രവാദമോ പ്രചരിപ്പിക്കുന്ന ഗ്രന്ഥവുമല്ല. പ്രത്യുത അത് സ്നേഹത്തിന്റേയും സഹതാപത്തിന്റേയും മനുഷ്യത്വത്തിന്റേയും അധ്യാപനം നല്കുന്നു. മുസ്‌ലീംകൾ തങ്ങളുടെ ഗ്രന്ഥത്തിന്റെ യഥാർഥ അധ്യാപനമനുസരിച്ച് പ്രവർത്തിച്ചിരുന്നുവെങ്കിൽ അവരുടെ രാജ്യത്ത് ഒരു ആഭ്യന്തര കലഹമോ ഏറ്റുമുട്ടലോ ഉണ്ടാകുമായിരുന്നില്ല. അവരുടെ പ്രശ്നങ്ങൾ മറ്റു രാജ്യങ്ങൾവരെ എത്തുകയുമില്ലായിരുന്നു.

അമീറുൽമുഅ്മിനീൻ പറഞ്ഞു:നമ്മൾ ഇസ്‌ലാമിന്റെ യഥാർഥ ചിത്രം കാണാനാഗ്രഹിക്കുന്നെങ്കിൽ നബി (സ) തിരുമേനിയുടേയും അവിടത്തെ ഖുലഫാഉർറാശിദീംകളുടേയും കാലഘട്ടങ്ങളെ നോക്കേണ്ടിവരും. അവർ സ്ഥാപിച്ചിട്ടുള്ള ഉന്നതമായ മാതൃകകൾ വിളിച്ചോതുന്നത് ഇസ്‌ലാം ശാന്തിക്കും നീതിക്കും വേണ്ടിയുള്ള ഒരു കൈത്തിരിയാണെന്നാണ്. അത് ആഗോള മത സ്വാതന്ത്ര്യത്തിനും pluralismത്തിനും ജാമ്യം നല്കുന്നു. ഉദാഹരണത്തിന് രണ്ടാമത്തെ ഖലീഫ ഹദ്റത്ത് ഉമർ(റ)ന്റെ കാലഘട്ടത്തിൽ ഇസ്‌ലാം സിറിയ വരെ വ്യാപിച്ചു. അവിടെ ഒരു മുസ്‌ലിം ഭരണകൂടം സ്ഥാപിതമായി. എന്നാൽ, റോമൻ ഭരണകൂടത്തിന്റെ ആക്രമണത്തിന്റെ ഫലമായി ആ രാജ്യം വിടാൻ മുസ്‌ലീംകൾ നിർബന്ധിതരായി. ചരിത്രം ഈ യാഥാർഥ്യത്തിന് സാക്ഷിയാണ്; മുസ്‌ലീംകൾ സിറിയയിൽനിന്ന് പുറപ്പെട്ടപ്പോൾ അവിടെത്തെ ക്രൈസ്തവവാസികളുടെ കണ്ണുകളിൽ കണ്ണീരൊഴുകി. മുസ്‌ലീംകൾ പെട്ടെന്ന് തിരിച്ചുവരുന്നതിനുവേണ്ടി അവർ വളരെ വേദനയോടുകൂടി ദുആ ചെയ്യാൻ തുടങ്ങി. കാരണം എങ്ങനെയാണ് അവരുടെ അവകാശങ്ങൾ മുസ്‌ലിം ഭരണകൂടം എപ്പോഴും സംരക്ഷിച്ചു പോന്നതെന്ന് അവർ കണ്ടു കഴിഞ്ഞിരുന്നു.എന്നാൽ, വർത്തമാന കാലത്ത് മുസ്‌ലിം ഭരണകൂടങ്ങളും മുസ്‌ലിം നേതാക്കന്മാരും തങ്ങളുടെ മതത്തിന്റെ യഥാർഥ അധ്യാപനങ്ങൾ മറന്നിരിക്കുന്നുവെന്നത് അങ്ങേയറ്റം ദുഃഖകരവും വിഷമകരവുമായ കാര്യമാണ്. അവർക്ക് വെറും തങ്ങളുടെ ശക്തി, സ്വാർഥതാൽപര്യങ്ങൾ, കസേരയുടെ ചിന്തയാണുള്ളത്. അവരുടെ അക്രമങ്ങളുടേയും അനീതികളുടേയും കാരണത്താൽ തദ്ദേശവാസികളിൽ നിരാശയും അസ്വസ്ഥതയും വർധിച്ചുകൊണ്ടിരിക്കുന്നു. അതിൽനിന്ന് ഭീകരവാദികളും ഉഗ്രവാദികളുമായ സംഘടനകൾ ഫലമെടുക്കുന്നു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: എന്തായാലും അപകടകരമായ ഇക്കാലത്ത് എപ്പോഴും നീതിയോടുകൂടി പ്രവർത്തിക്കുക എന്നത് വൻശക്തികളുടേയും ആഗോള സ്ഥാപനങ്ങളുടേയും ഉത്തരവാദിത്വമാണ്. എവിടെയെങ്കിലും കലഹങ്ങൾ ഉണ്ടായാൽ അവിടെ യു.എൻ.ഒ പോലുള്ള ആഗോള സംഘടനകൾ പക്ഷഭേദം കൂടാതെ സമഭാവനയുടെ പ്രകടനം കാഴ്ചവെക്കേണ്ടതാണ്. അവരുടെ ഉദ്ദേശ്യം വെറും സമാധാന സംസ്ഥാപനവും എല്ലാ കക്ഷികളുടേയുമിടയിൽ ഐക്യമുണ്ടാക്കുക എന്നതുമായിരിക്കേണ്ടതാണ്. രാജ്യങ്ങളും ചില ഗ്രൂപ്പുകളും കഴിഞ്ഞ കാലത്ത് നീതിയോടെ പെരുമാറിയിരുന്നെങ്കിൽ ഇന്നു നമ്മൾ കണ്ടുകൊണ്ടിരിക്കുന്ന അച്ചടക്കരാഹിത്യം ഉണ്ടാകുമായിരുന്നില്ല. അഭയാർഥി പ്രതിസന്ധിയും നേരിടേണ്ടിവരുമായിരുന്നില്ല.

അമീറുൽമുഅ്മിനീൻ പറഞ്ഞു: വിശുദ്ധ ഖുർആനിലെ മുഅ്മിനൂൻ എന്ന അധ്യായത്തിലെ 9-ാം വചനത്തിൽ മറ്റൊരു പ്രധാനപ്പെട്ട ഇസ്‌ലാമികനിയമം വിവരിക്കപ്പെട്ടിരിക്കുന്നു. അതിൽ പറയുന്നു: 'സത്യവിശ്വാസികൾ തങ്ങളുടെ അമാനത്തുകളേയും കരാറുകളേയും പാലിക്കുന്നവരാണ്.' അതായത് അവരെ എന്തു ചുമതല ഏല്പിച്ചാലും നിറവേറ്റാൻ ശ്രമിക്കുന്നതാണ്. എന്റെ നോട്ടത്തിൽ ഈ നിയമം വെറും മുസ്‌ലീംകൾക്കുള്ളതല്ല. മറിച്ച് എല്ലാ രാജ്യങ്ങൾക്കും ജനതകൾക്കുമുള്ള ഒരു ആഗോള നിയമമാണ്. അമാനത്തുകൾ എല്ലാ ഭരണകൂടങ്ങളേയും ആഗോളസ്ഥാപനങ്ങളേയും ഏല്പിച്ചിട്ടുണ്ട്. വിശ്വസ്തതയിലും സത്യസന്ധതയിലും നീതിയിലും നിലനിന്നുകൊണ്ട് ആ അമാനത്തുകൾ നിറവേറ്റുക എന്നത് അവരുടെ നേതാക്കളുടെ നിർബന്ധ കടമയാണ്. പൊതുജനങ്ങളെ സേവിക്കുകയും അവരുടെ ഭാവി സംരക്ഷിക്കുകയും ചെയ്യുക എന്നത് ഭരണകൂടങ്ങളുടേയും രാഷ്ട്രീയനേതാക്കളുടേയും ഉത്തരവാദിത്വമാണ്. ഇതൊരു നിസാര ഉത്തരവാദിത്വമായി മനസ്സിലാക്കരുത്. യു.എൻ.ഓയുടെ അടിസ്ഥാനപരമായ ഉദ്ദേശ്യം വരുംതലമുറയെ യുദ്ധത്തിന്റെ കെടുതികളിൽനിന്ന് രക്ഷിക്കുകയും പരസ്പരം കൂടിച്ചേർന്ന് സമാധാനത്തോടെ കഴിയുകയും ആഗോള സമാധാനം നിലനിറുത്തുകയും ചെയ്യുക എന്നതാണെന്ന് അവരുടെ പ്രഖ്യാപനത്തിലുണ്ട്. 20-ാം നൂറ്റാണ്ടിലുണ്ടായ രണ്ട് ആഗോള യുദ്ധങ്ങൾക്ക് കാരണമായ തെറ്റുകളിൽനിന്ന് മനുഷ്യകുലത്തെ സുരക്ഷിതമാക്കിവെക്കുക എന്നതാണ് യു.എൻ.ഓയുടെ പ്രഖ്യാപനമെന്ന് ആ സംഘടനയുടെ ഉദ്ദേശ്യങ്ങളിൽ വളരെ വ്യക്തമായും പറയുന്നു. അതിനാൽ ഈ ഉത്തരവാദിത്വം പരിഗണിച്ചുകൊണ്ട് യു.എൻ.ഓ തങ്ങളുടെ ഉന്നതമായ ലക്ഷ്യങ്ങൾ നിറവേറ്റാൻ ശ്രമിക്കേണ്ടതാണ്. ലോകസമാധാനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് അതിനെ വർത്തമാന കാലത്തെ ഏറ്റവും പ്രധാനപ്പെട്ടപ്രശ്നമായി മനസ്സിലാക്കേണ്ടതാണ്. എന്നാൽ, ഈ ഉത്തരവാദിത്വം അവഗണിക്കപ്പെടുന്നു എന്നതാണ് ദുഃഖകരമായ കാര്യം.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഞാൻ വീണ്ടും പറയുകയാണ്. എല്ലാ കക്ഷികളും തങ്ങളുടെ ഉത്തരവാദിത്വങ്ങൾ മനസ്സിലാക്കുകയും നീതിയോടുകൂടി പ്രവർത്തിക്കുകയും പരസ്പരമുള്ള കടമ നിറവേറ്റുകയുമാണെങ്കിൽ നമ്മുടെ തലയ്ക്കുമീതെ ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കുന്ന യുദ്ധത്തിന്റെ ഇരുണ്ട കാർമേഘം നീങ്ങിപ്പോകാൻ ഇനിയും സമയമുണ്ട്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഞാൻ വീണ്ടും ഒരിക്കൽക്കൂടി ലോകത്തെ വൻശക്തികളോടു പറയുകയാണ്, അവർ മനഃസമാധാനത്തോടും ആത്മാർഥതയോടുകൂടി ലോക സമാധാനത്തിനുവേണ്ടി വീണ്ടും പരിശ്രമിക്കുക. അല്ലാഹു ലൗകികർക്ക് യുക്തിജ്ഞാനം നല്കുമാറാകട്ടെ. മനുഷ്യകുലത്തിന്റെ വിശാലമായ നേട്ടത്തിനുവേണ്ടി വ്യക്തിപരമായ നേട്ടങ്ങൾ ഒരു ഭാഗത്ത് നീക്കിവെക്കാൻ സൗഭാഗ്യം നല്കുമാറാകട്ടെ. അങ്ങനെ ചെയ്യുന്നതിൽ നമ്മൾ പരാജയപ്പെടുകയാണെങ്കിൽ ഞാൻ മുമ്പേയും പല പ്രാവശ്യവും പറഞ്ഞു കഴിഞ്ഞിട്ടുള്ളതുപോലെ ലോകം ഇപ്പോൾ മൂന്നാം ലോക യുദ്ധത്തിലേക്ക് വളരെ വേഗം അടുത്തുകൊണ്ടിരിക്കുകയാണ്. അതിന്റെ കെടുതികൾ പല തലമുറകൾവരെ നിലനില്ക്കുന്നതായിരിക്കും. കാരണം ഒരുപാടു ജനതകളുടെ കൈയിൽ ന്യൂക്ലിയർ ആയുധങ്ങളുണ്ട്. ഈ യുദ്ധത്തിന്റെ ഫലങ്ങൾ നമ്മുടെ ചിന്തയ്ക്കും സങ്കല്പത്തിനുമതീതമാണ്. അതിനാൽ നമ്മൾ നമ്മളോടുതന്നെ ഇങ്ങനെ ചോദിക്കേണ്ടിവരും നമ്മൾ നമ്മുടെ കുട്ടികൾക്കും ഭാവിതലമുയ്ക്കുംവേണ്ടി ഏറ്റവും മെച്ചപ്പെട്ട ലോകം ഉപേക്ഷിച്ചുപോകാനാണോ ആഗ്രഹിക്കുന്നത് അതോ നമ്മൾ അവരെ യുദ്ധത്തിന്റേയും പോരാട്ടത്തിന്റേയും കൊല്ലലിന്റേയും കൊലയുടേയും വിവരണാതീതമായ വേദനയുടേയും ദുഃഖത്തിന്റേയും അനന്തരാവകാശിയാക്കാനാണോ ഉദ്ദേശിക്കുന്നത്?

അമീറുൽ മുഅ്മിനീൻ പറഞ്ഞു: അല്ലാഹു മനുഷ്യത്വത്തെ കാത്തുരക്ഷിക്കുമാറാകട്ടെ. നമ്മളിലെല്ലാം കരുണ ചൊരിയുമാറാകട്ടെ. എല്ലവർക്കും മറ്റുള്ളവരോടു നീതിയോടും യുക്തിയോടും സൗഹൃദത്തോടും കൂടി പെരുമാറാൻ സൗഭാഗ്യം നല്കുമാറാകട്ടെ. നമ്മൾ നമ്മുടെ കുട്ടികളേയും ഭാവിതലമുറകളേയും സംരക്ഷിക്കാൻ പ്രാപ്തരായിത്തീരട്ടെ. ഈ വാക്കുകളോടുകൂടി ഞാൻ നിങ്ങളിൽനിന്ന് അനുവാദം തേടുകയാണ്. അതിനുമുമ്പേ ഞങ്ങളുടെ ക്ഷണം സ്വീകരിച്ച് ഇവിടെ എത്തിയ നിങ്ങൾക്കെല്ലാവർക്കും ഒരിക്കൽക്കൂടി നന്ദി പറഞ്ഞുകൊള്ളുന്നു. അല്ലാഹു നിങ്ങളിൽ കൃപ ചൊരിയുമാറാകട്ടെ. വളരെ നന്ദി.ഖുത്ബയുടെ അവസാനം അമീറുൽമുഅ്മിനീൻ ദുആ ചെയ്യിച്ചു. ഇതിൽ എല്ലാ അംഗങ്ങളും അവരവരുടേതായ നിലയിൽ പങ്കെടുക്കുകയും ചെയ്തു.

Website Design &
Online Marketing
Google SEO I Website Design I Social Media I Graphic Design
Call 0828 173 6451 Email: admin@dsignsworld.com
www.dsignsworld.com
DSIGNS WORLD

C.M HIDAYATHULLAH 9447029141, 9946631222
CITYLINK
Linking Destinations
TRAVEL CORPORATION
Noor Complex, 3rd Floor, Mavoor Road, Calicut, Kerala
email: citylinkccj@gmail.com
Air Ticket, Visa Service, Attestation, Emigration, Train Ticket

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin